بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 18

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 മെയ് 2/ ഹി.ശം 1403 ഹിജ്റത്ത് 2/1445 ശവ്വാൽ 22

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ لَہٗ مُلۡکُ السَّمٰوٰتِ وَ الۡاَرۡضِ ؕ یُحۡیٖ وَ یُمِیۡتُ ؕ وَ مَا لَکُمۡ مِّنۡ دُوۡنِ اللّٰہِ مِنۡ وَّلِیٍّ وَّ لَا نَصِیۡرٍ ﴿۱۱۶﴾

തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു മിത്രമോ സഹായകനോ ഇല്ല.

(വിശുദ്ധ ഖുർആൻ 9:116)

## അഹ്മദിയ്യാ വാർത്ത


അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**അയൽവാസിനിയെ ഇകഴ്ത്തിക്കാണരുത്:**

(2566) അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:അല്ലയോ മുസ്‌ലിം സ്ത്രീകളേ! ഒരു അയൽവാസിനി മറ്റേ അയൽവാസിനിക്ക് വല്ലതും സമ്മാനിച്ചാൽ അതിനെ അവൾ താഴ്ത്തിക്കാണിക്കരുത്. പാരിതോഷിമായി നല്കിയത് ഒരാട്ടിന്റെ കുളമ്പാണെങ്കിലും ശരി.

(2567) ഹദ്റത്ത് ആഇശ(റ)നിവേദനം. അവർ ഉർവ്വയോടു പറഞ്ഞു: 'എന്റെ സഹോദരീ പുത്രാ! നിശ്ചയം ഞങ്ങൾ ചന്ദ്രപ്പിറവി കാണും. പിന്നേയും ഒരു ചന്ദ്രപ്പിറവി കാണും. അങ്ങനെ മൂന്നു ചന്ദ്രപ്പിറവി കുകെട് പൂർണമായ രു മാസം കടന്നുപോകും. എന്നാലും നബി(സ)തിരുമേനിയുടെ വീടുകളിൽ തീയും പുകയുമുായിരിക്കുകയില്ല. ഉർവ അപ്പോൾ ഹ്റത്ത് ആഇശ(റ)യോടു ചോദിച്ചു:എന്റെ മാതൃസഹോദരി! എങ്കിൽ നിങ്ങളെങ്ങനെയാണ് ജീവിക്കുക? ഹദ്റത്ത് ആഇശ(റ)പറഞ്ഞു:രു കറുത്ത സാധനങ്ങൾ-ഈത്തപ്പഴവും പച്ചവെള്ളവും-പക്ഷേ, നബി(സ)തിരുമേനിക്ക് അയൽവാസികളായി ചില അൻസ്വാറും അവർക്ക് കറവയുള്ള ചില മൃഗങ്ങളുമുായിരുന്നു. അവയുടെ പാൽ നബി(സ)തിരുമേനിക്ക് അവർ സമ്മാനിക്കും. അവിടന്ന് അതിൽനിന്ന് ഒരംശം ഞങ്ങൾക്കു തരും.(സ്വഹീഹ് ബുഖാരി, കിതാബുൽ ഹിബ, വാല്യം 4, പ്രസാധനം ഖാദിയാൻ 2008)




## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 2023 മാർച്ച് 29 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

സുപ്രധാന അറിയിപ്പുകൾ

**ദുർഭാവന വളരെ മോശമായ കാര്യമാണ്. മനുഷ്യനെ ഒരുപാട് നന്മകളിൽനിന്ന് അത് തടയുന്നു. പിന്നീട് അത് വർധിച്ചു വർധിച്ച് അല്ലാഹുവിനെ കുറിച്ചും ദുർഭാവന ചെയ്യുന്ന അവസ്ഥയുണ്ടാകാൻ തുടങ്ങുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നല്ലവണ്ണം പരിശോധിക്കുക എന്നത് വൈദ്യന് നിർബന്ധമായ കാര്യമാണ്. ഇതേപോലെ ധർമോപദേശത്തിന്റെ ചുമതലയുള്ളവരുടെ നിർബന്ധകാര്യമാണ് ധർമോപദേശവും ശിക്ഷണവും നല്കുന്നതിനുമുമ്പേ അത്തരക്കാർ അകപ്പെട്ടിട്ടുള്ള രോഗങ്ങളെ കണ്ടറിയുക എന്നത്. എന്നാൽ, ദുഷ്കരമായിട്ടുള്ളത് ഈ സൂക്ഷ്മബുദ്ധിയും ഈ ജ്ഞാനവും സത്യസന്ധനായ ഉപദേശിക്കല്ലാതെ മറ്റുള്ളവർക്ക് കിട്ടുന്നതുതന്നെ വളരെ കുറവാണ്. ഇക്കാരണത്താലാണ് രാജ്യത്ത് നൂറുക്കണക്കിന് ആയിരക്കണക്കിന് ഉപദേശികൾ ചുറ്റിക്കറങ്ങുന്നുണ്ടായിട്ടും കർമപരമായ സ്ഥിതി നിത്യേന അധഃപതനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാതരത്തിലുള്ള ആദർശപരവും വിശ്വാസപരവും ധാർമികപരവുമായ തെറ്റുകളും ദുർബലതകളും അതിന്റെ സ്വാധീനം ചെലുത്തിക്കൊണ്ടുപോകുന്നത്. ഇതിനുകാരണം ഉപദേശങ്ങളിൽ യാഥാർഥ്യമില്ല, ആത്മാവില്ല എന്നതാണ്. ഇതെല്ലാമുണ്ട്, എന്നാൽ ഈ നേരത്ത് ഞാനെന്റെ സ്നേഹിതന്മാരോടു ഇതിനെക്കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. കാരണം അവർ അല്ലാഹുവിന്റെ കൃപയാൽ തങ്ങളുടെ മനസ്സുകളിൽ സത്യാന്വേഷണത്തിന്റെ ദാഹം അനുഭവിച്ചറിഞ്ഞിരിക്കുന്നു. അവർ ധാർമികതയും സത്യതയും എടുക്കുന്നതിൽ മടി കാണിക്കരുത്. ഉപദേശി വിവിധ വർണങ്ങളിലും രീതികളിലും തന്റെ യാചന സമർപിക്കുകയാണെങ്കിലും ആ ഒരൊറ്റകാരണത്താൽ നിങ്ങൾ യഥാർഥ ജ്ഞാനം ഉപേക്ഷിച്ചുകളയാതിരിക്കേണ്ടതാണ്. കാരണം ആരാണോ അയാളുടെ യാചനകൾ കേട്ട് അവയെ നിന്ദാദൃഷ്ടിയോടെ നോക്കുന്നത് അവനും തെറ്റിലാണ്. ഏതെങ്കിലും മാണിക്യത്തേയും അമൂല്യമായ രത്നത്തേയും നാറുന്നതും മുഷിഞ്ഞതുമായ തുണിയിൽ അത് പൊതിഞ്ഞുകെട്ടി വെച്ചിരിക്കുന്നതുകൊണ്ട് എടുത്തെറിഞ്ഞുകളയുമോ? ഒരിക്കലുമില്ല. ഇതുകൂടാതെ ഉപദേശി, യാചിക്കുകയാണെങ്കിൽ ഈ കൽപ്പന നല്പ്പെട്ടിരിക്കുന്നത് നിങ്ങൾക്കറിയില്ലേ? വ അമ്മസ്സാഇല ഫലാ തൻഹർ(94:11)യാചകൻ ഇനി കുതിരപ്പുറത്ത് യാത്ര ചെയ്തുവന്നാലും അയാളെ നിഷേധിക്കുന്നത് നിർബന്ധമല്ല. നിങ്ങൾക്കുള്ള കൽപ്പന അയാളെ വിരട്ടരുതെന്നതാണ്. അതേ! അല്ലാഹു യാചിക്കരുതെന്ന് അയാളോടും കൽപ്പിച്ചിട്ടുണ്ട്. അയാൾ നിയമം ലംഘിച്ചതിന് സ്വയം ശിക്ഷ പ്രാപിക്കും. പക്ഷേ, നിങ്ങൾ പാലിക്കേണ്ട അല്ലാഹുവിന്റെ ഒരു ആദരണീയമായ കൽപ്പനയെ ലംഘിക്കുക എന്നത് നിങ്ങൾക്കു ചേർന്നതല്ല. കൈയിലുണ്ടെങ്കിൽ എന്തെങ്കിലും കുറച്ച് അയാൾക്ക് കൊടുക്കേണ്ടതാണ്. ഒന്നുമില്ലെങ്കിൽ മൃദുലമായ പദങ്ങൾകൊണ്ട് അയാൾക്ക് മനസ്സിലാക്കിക്കൊടുക്കുക.

### ദുർഭാവന

മനുഷ്യൻ ദുർഭാവനകളാലും സംശയങ്ങളാലും സംസാരിക്കാൻ തുടങ്ങുന്നതിൽനിന്നാണ് കുഴപ്പങ്ങളുണ്ടാകാൻ തുടങ്ങുന്നത്. സദുദ്ദേശ്യമാണെങ്കിൽ, അപ്പോൾപ്പിന്നെ എന്തെങ്കിലും കൊടുക്കാനും തൗഫീഖ് കിട്ടുന്നു. ആദ്യ ഘട്ടത്തിൽത്തന്നെ തെറ്റു ചെയ്താൽ യഥാർഥമായ ലക്ഷ്യസ്ഥാനത്തെത്താൻ പ്രയാസമാണ്. ദുർഭാവന വളരെ മോശമായ കാര്യമാണ്. മനുഷ്യനെ ഒരുപാട് നന്മകളിൽനിന്ന് അത് തടയുന്നു. പിന്നീട് അത് വർധിച്ചു വർധിച്ച് അല്ലാഹുവിനെ കുറിച്ചും ദുർഭാവനനടത്തുന്ന അവസ്ഥയുണ്ടാകാൻ തുടങ്ങുന്നു.

ദുർഭാവനയുടെ രോഗം വർധിച്ചിട്ടില്ലായിരുന്നെങ്കിൽ പറയുക, എന്നെ നിഷേധിക്കുന്നതിലും ദ്രോഹിക്കുന്നതിലും ഒരുനിമിഷംപോലും വെറുതെ ഇരിക്കാത്തതും ഒരു കുറവും വരുത്താത്തതുമായ മൗലവിമാർക്ക് മറ്റെന്തു കാരണമാണുള്ളത്. കാഫിറാക്കാനും എന്നെ നിഷേധിക്കാനും എന്തു കാരണമാണ് കാണാൻ കഴിഞ്ഞിരുന്നത്. ഞാൻ മുസ്‌ലിമാണെന്ന് വിളിച്ചുവിളിച്ചും അല്ലാഹുവിനെ തൊട്ടു സത്യം ചെയ്തും പറഞ്ഞു. വിശുദ്ധ ഖുർആനെ ഖാത്തമുൽ കുതുബായും റസൂലുല്ലാഹി(സ)യെ ഖാത്തമുന്നബിയ്യീനായും ഇസ്‌ലാമിനെ ഒരു ജീവൽമതമായും വിശ്വസിക്കുന്നുവെന്നും യഥാർഥ മോക്ഷത്തിന്റെ മാർഗമായി സമ്മതിക്കുന്നുവെന്നും പറഞ്ഞു. അല്ലാഹുവിന്റെ വിധികളിലും പുനരുഥാന നാളിലും വിശ്വസിക്കുന്നു. ഖിബ്‌ലയിലേക്ക് മുഖംതിരിച്ച് നമസ്കരിക്കുന്നു. അത്രതന്നെ നമസ്കരിക്കുകയും ചെയ്യുന്നു. റമളാനിലെ മുഴുവൻ നോമ്പും പിടിക്കുന്നു. അപ്പോൾപ്പിന്നെ ഏതു അസാധരണമായ കാര്യമാണ് എന്റെമേൽ കുഫ്ർ ചുമത്താൻ അനിവാര്യമായി മനസ്സിലാക്കിയത്. വ്യക്തമായ ദ്രോഹമാണിത്. അവർ തങ്ങളുടെ വൃത്തികെട്ട കർമങ്ങളേയും ജീവിതത്തേയും നോക്കുന്നില്ല. അവർ ഭൂമിയിലും ആകാശത്തിലും ചിന്തിച്ചും ആലോചിച്ചും ഈ നിർമിതമായ വസ്തുക്കൾക്ക് സ്രഷ്ടാവുണ്ടെന്നും മനസ്സിലാക്കുന്നില്ല. ലേഖ്റാമിന്റെ അടയാളത്തിൽനിന്ന് ഈ മൗലവിമാർ എന്തു ഫലമാണെടുത്തത്?(മൽഫൂദാത്ത് വാല്യം 1, പേജ് 507, 2018 പതിപ്പ്)

**സ്വർഗവാസികൾക്ക് സ്വർണത്തിന്റേയും മുത്തുകളുടേയും വളകളും പട്ടു വസ്ത്രങ്ങളും അണിയിക്കുന്നതിന്റെ ശരിയായ ഉള്ളടക്കംസ്വർഗമെന്നത് പണിയൊന്നുമില്ലാതിരിക്കുന്ന ഇടമല്ലെന്നാണ്. പ്രത്യുത കർമനിരതമായ സ്ഥലമാണ്. വ്യത്യാസമെന്താണെന്നാൽ ഈ ലോകത്ത് മനുഷ്യനിൽനിന്ന് പാപവുമുണ്ടാകുന്നു. എന്നാൽ, അവിടെ ചീത്തപ്രവൃത്തികളൊന്നുമുണ്ടാകുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറത്തുൽഹജ്ജിലെ 24,25 വചനങ്ങൾക്കു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "ഇതിന്റെ ഉദ്ദേശ്യം ഭൗതികമായ സ്വർണവള അവരെ അണിയിക്കുമെന്നല്ല. ഭൗതികമായ സ്വർണം ഒരു നിസ്സാര വസ്തുവാണ്. അതിനെ ഈ ലോകത്തും മുഅ്മിൻ വലിച്ചെറിയുന്നു. അടുത്തലോകത്ത് അവന് അതുകൊണ്ട് ആനന്ദമുകാനാണ്. അതിനാൽ ഇതൊരു ആലങ്കാരിക ഭാഷയാണ്. വളകൊുള്ള ഉദ്ദേശ്യം സൗന്ദര്യത്തിന്റെ വസ്തുവാണ്. സ്വർണംകൊള്ള ഉദ്ദേശ്യം ആ വസ്തു നശിക്കുന്നതായിരിക്കുകയില്ലെന്നാണ്. കാരണം സ്വർണത്തിന് തുരുമ്പ് പിടിക്കുകയില്ല. മുത്തുകൊുള്ള ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത് ആ വസ്തു മനുഷ്യന്റെ

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- അല്ലാഹു വലിയ ലജ്ജയുള്ളവനാണ്. വളരെ അന്തസ്സുള്ളവനും ഔദാര്യവാനുമാണ്. ദാസൻ അവന്റെ മുമ്പിൽ ഇരുകൈയും നീട്ടുമ്പോൾ അത് ശൂന്യമായും കാലിയായും മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു.
- തങ്ങൾ ഒരുപാടു ദുആ ചെയ്തെന്നും ഒരുപാട് സുജൂദ് ചെയ്തെന്നും ഒരുപാട് നഫ്ലുകൾ അനുഷ്ഠിച്ചുവെന്നും പക്ഷേ, തങ്ങൾക്കൊന്നും കരസ്ഥമായില്ലെന്നും പറയുന്നവർ ആത്മപരിശോധന നടത്തുക; അവർ അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് കർമങ്ങൾ ചെയ്തുവോ? അവർ തങ്ങളുടെ ഈമാനികാവസ്ഥയെ ഒരു കൊടുങ്കാറ്റിനും ഇളക്കാൻ പറ്റാത്ത നിലവരെ എത്തിച്ചുവോ?
- 'ആരാണോ വിശ്വസിക്കുന്നത് അവനുതന്നെയാണ് ദിവ്യജ്ഞാനം നല്കപ്പെടുന്നത്.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആ ദൈവാസ്തികൃത്തിനുള്ള ഉഗ്രൻ തെളിവാകുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്(അ))
- പ്രാർഥന ദൈവത്തിൽനിന്നു വരുന്നു. അതു അവനിലേക്കുതന്നെ തിരിച്ചുപോകുന്നു.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആ സ്വീകരിക്കപ്പെട്ടുവെന്നും അല്ലാഹു തൃപ്തനായിയെന്നും എങ്ങനെ മനസിലാക്കാം എന്ന് പലരും ചോദിക്കാറുണ്ട്. അവർക്കുള്ള മറുപടി പരിശുദ്ധ മാറ്റമുണ്ടാകുന്നു എന്നതാണ്.
- അനുഗ്രഹസിദ്ധിക്കുള്ള ഏറ്റവും അടുത്ത മാർഗം ദുആയാകുന്നു. പരിപക്വമായ ദുആക്ക് അനിവാര്യമായിട്ടുള്ള കാര്യങ്ങൾ ഇവയാകുന്നു. അതിൽ ഒരു വേദനയും അസ്വസ്ഥതയും ആർദ്രതയുമു ണ്ടായിരിക്കണം. വിനയവും ആർദ്രവും അസ്വസ്ഥഭരിതവുമായ ഹൃദയത്തിൽ നിന്നുയരുന്ന ദുആകൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചുകൊണ്ടുവരുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആ ഒരു സ്ഥൈര്യവും നൈരന്തര്യവും ആഗ്രഹിക്കുന്നുണ്ട്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ഓർക്കുക! ദുആ ഒരു മരണമാകുന്നു. മരണ സമയത്തുണ്ടാകുന്ന വെപ്രാളവും അസ്വസ്ഥതയും പോലെത്തന്നെ ദുആ ചെയ്യുമ്പോഴും ഒരു അസ്വസ്ഥതയും ആവേശവുമുണ്ടാവേണ്ടത് അനിവാര്യമാണ്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ഏറ്റവും പ്രഥമവും പ്രധാനവുമായ ദുആ, മനുഷ്യൻ തന്നെ തിന്മകളിൽനിന്ന് പരിശുദ്ധനാക്കുന്നതിനു വേണ്ടി ദുആ ചെയ്യുക എന്നുള്ളതാണ്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ചോദിക്കുന്നവൻ പെട്ടെന്ന് കിട്ടിയില്ലല്ലോ എന്നതിൽ പരാതിയുള്ളവനും തെറ്റായി ധരിക്കുന്നവനും ആയിത്തീരരുത്. പ്രത്യുത സ്ഥായിയായ സഹനത്തോടെ അവനോട് ചോദിച്ചുകൊണ്ടേപോകണം.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആയുടെ ഉള്ളിൽ സ്വീകാര്യതയുടെ പ്രഭാവമുണ്ടാകുന്നത് അത് അതിന്റെ പാരമ്യത്തിൽ അസ്വസ്ഥഭരിതമായി തീരുമ്പോഴാണ്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആ വളരെ നല്ല ഒരു സംഗതിയാകുന്നു. അത് പാപപ്പൊറുതിക്ക് നിതാനമാകാനും മതി.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- വളരെ പ്രയാസകരമെന്ന് പറയുന്നത് ജനങ്ങൾ ദുആയുടെ യഥാർഥ്യത്തെയും അവസ്ഥയെയും സംബന്ധിച്ചു ബോധവാന്മാരല്ല. അതുകൊണ്ടുതന്നെ, ഇക്കാലത്ത് വളരെയധികം ആളുകൾ അതിനെ നിരാകരിക്കുന്നവരാണ്. കാരണം, അവർക്ക് അതിന്റെ പ്രഭവങ്ങളെക്കുറിച്ച് അറിയുന്നില്ല.(ഹദ്റത്ത് മസീഹ് മൗഊദ്(അ)).
- വ്യത്യസ്ത വസ്തുക്കളിൽ പ്രഭാവമുണ്ടെങ്കിൽ ആത്മീയലോകത്ത് അത് ഇല്ലാതാകുന്നതിന് എന്താണ് കാരണം?(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- ദുആകളിൽ വിശ്വാസമുള്ളവൻ വളരെ സൗഭാഗ്യവാനാകുന്നു. കാരണം, അവൻ അല്ലാഹുവിന്റെ അത്ഭുതകരമായ ശക്തിവിലാസങ്ങൾ ദർശിക്കുന്നു. അവൻ അല്ലാഹുവിനെ കണ്ടുകൊണ്ട് അവൻ സർവശക്തനും അന്തസുടയവനുമാണെന്ന് വിശ്വസിക്കുന്നു.(ഹദ്റത്ത് മസീഹ് മൗഊദ്(അ)).
- നമസ്കാരവും ദുആയും മനുഷ്യൻ അശ്രദ്ധയും മടിയും കൂടാതെ ചെയ്യാത്തിടത്തോളം ദുആ സ്വീകരിക്കപ്പെടുന്നതല്ല.(ഹദ്റത്ത് മസീഹ് മൗഊദ്(അ)).
- മനുഷ്യൻ അല്ലാഹുവിന്റെ ശരിയായ സഹായി ആകുകയും പിന്നെ ദുആ സ്വീകരിക്കപ്പെടാതെ പോകുകയും ചെയ്യുകയെന്നത് ഒരിക്കലും സംഭാവ്യമല്ല. അതേ! അതിന്റെ നിർബന്ധമായിട്ടുള്ള നിബന്ധനകൾ പൂർത്തിയാക്കപ്പെടണമെന്ന് മാത്രം.
- ദുആ ചെയ്തു, ഇനി ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളുടെ ആവശ്യമെന്താണ്? എന്ന് ചോദിക്കുന്നവർ ഇവിടെ അൽപം ചിന്തിക്കേണ്ടതുണ്ട്. ഈ വിവരദോഷികൾ ദുആതന്നെയും ഒരു ഗുപ്തമായ സഹനമാണെന്ന് മനസ്സിലാക്കണം. മറ്റു നിമിത്തങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു നിമിത്തം തന്നെയാണ് ദുആ.(ഹദ്റത്ത് മസീഹ് മൗഊദ്(അ)).
- ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളെ പ്രയോജനപ്പെടുത്താതെ കേവലം ദുആ ചെയ്യുന്നത് ദുആയുടെ മര്യാദകളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. അത് അല്ലാഹുവിനെ പരീക്ഷിക്കലാണ്. ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളിൽമാത്രം വീണുകിടക്കുകയും ദുആയെ ഒരു നിരർഥ സംഗതിയായി മനസിലാക്കുകയും ചെയ്യുന്നത് നിരീശ്വരത്വമാകുന്നു.
- ഇപ്പോൾ റമളാന്റെ അവസാന പത്ത് ആരംഭിക്കുകയാണ്. ഇതിൽ പ്രത്യേകമായും അല്ലാഹുവിന്റെ കൽപ്പനകളെ നമ്മുടെ പ്രവർത്തനരൂപരേഖയാക്കിക്കൊണ്ട് വിശ്വാസത്തിൽ സുദൃഢത ഉണ്ടാക്കിക്കൊണ്ട്, രാത്രിയിലെഴുന്നേറ്റ് അവന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ട് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു നമ്മെ നടത്താനാഗ്രഹിക്കുന്ന സന്മാർഗം പ്രാപിക്കുന്നവരായിത്തീരട്ടെ.
- ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനഭരിതമായ നിർദേശങ്ങളുടെ വെളിച്ചത്തിൽ ദുആയുടേയും അതിന്റെ സ്വീകാര്യതയുടേയും യുക്തിയുടേയും തത്ത്വത്തിന്റേയും വിവരണം.
- യമനിലെ ബന്ധനസ്ഥർക്കും ഫലസ്ത്വീനിലെ പീഢിതർക്കുംവേണ്ടി ദുആ ചെയ്യാനാഹ്വാനം.
- ദുആ മാത്രമേയുള്ളൂ. അല്ലാഹുതന്നെ ഈ മർദ്ദിതരെ ഈ ദ്രോഹികളിൽ നിന്നു രക്ഷിക്കുമാറാകട്ടെ. നമുക്കും മർദ്ദിതർക്കുവേണ്ടിയുള്ള ദുആ യഥാവിധി ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.

**ഖുത്ബ ജുമുഅ 2024 മാർച്ച് 29/1403 അമാൻ 29**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّداً عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۥغَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

وَاِذَا سَاَلَكَ عِبَادِيْ عَنِّيْ فَاِنِّيْ قَرِيْبٌ ؕ
اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ ﴿۱۸۷﴾

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം, (പറയുക)നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നലകും; അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ! അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ;അവർ സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി.

നോമ്പു പിടിക്കാനുള്ള കൽപ്പനയോടൊപ്പമാണ് അല്ലാഹു ഈ ആയത്ത് വെച്ചിട്ടുള്ളത്. എന്നല്ല അതിന്നിടയിലാണ് ഇത് വെച്ചിട്ടുള്ളതെന്ന് പറയാം. ദുആ അഥവാ പ്രാർഥനയ്ക്ക് റമളാനുമായും നോമ്പുമായും ഒരു സവിശേഷ ബന്ധമുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. റമളാന് ദുആയുമായി ഒരു പ്രത്യേക ബന്ധമുണ്ടെന്ന് ഓരോ മുസ്‌ലിമിനും നന്നായിട്ടറിയാം. അതുകൊണ്ടുതന്നെയാണ് റമളാനിൽ പ്രത്യേകമായും നമസ്കാരങ്ങളിലും നഫ്‌ലുകളിലും തഹജ്ജുദ് നമസ്കാരത്തിലും തറാവീഹ് നമസ്കാരം തുടങ്ങിയവയിലും പ്രത്യേക ശ്രദ്ധ ഉണ്ടാകുന്നത്. ഈ ദിവസങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേക സ്നേഹദൃഷടി തന്റെ ദാസരുടെമേൽ പതിയുന്നുവെന്ന് ഓരോ യഥാർഥ മുസ്‌ലിമിനും ബോധമുണ്ടാകുന്നു. നബി(സ)തിരുമേനി പറഞ്ഞു. അല്ലാഹു പറയും:എന്നെക്കുറിച്ച് എന്റെ അടിമക്കുള്ള ധാരണ എവിടെയാണോ അവിടെയായിരിക്കും ഞാൻ. എന്നെ അവൻ സ്മരിക്കുമ്പോൾ ഞാനവനോടൊപ്പമുണ്ടായിരിക്കും. എന്നെ സ്മരിച്ചത് അവന്റെ മനസ്സുകൊണ്ടാണെങ്കിൽ എന്റെ മനസ്സുകൊണ്ട് ഞാനവനേയും സ്മരിക്കും. ഒരു സദസ്സിൽവച്ച് അവനെന്നെ സ്മരിച്ചെങ്കിൽ അവരേക്കാളുമുന്നതരായ ഒരു സമൂഹത്തിൽവച്ച് ഞാനവനേയും സ്മരിക്കും. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞാനങ്ങോട്ടടുക്കും. ഒരു മുഴം അവൻ എന്നിലേക്കടുത്താൽ ഒരു കൈ ഞാനങ്ങോട്ടടുക്കും. അവൻ എന്റെയടുത്ത് നടന്നുവന്നാൽ ഞാൻ അവന്റെ അടുക്കൽ ഓടിച്ചെല്ലും.(സ്വഹീഹുൽ ബുഖാരി, കിതാബുത്തൗഹീദ്, ഹദീഥ് 7405)

അതുകൊണ്ട് അല്ലാഹു സാധാരണ അവസ്ഥയിലും തന്റെ ദാസനോടു ഇങ്ങനെയാണ് പെരുമാറുന്നത്. അല്ലാഹുവിലേക്ക് പൂർണമായും അടുക്കുന്ന മാസമായ റമളാനാകുമ്പോൾ മുഴവൻ സാഹചര്യവും അവനെ സ്മരിക്കുന്നതായിരിക്കും. അപ്പോൾ അല്ലാഹു അങ്ങേയറ്റം ഔദാര്യവാനാകുന്നതാണ്. അതേ കുറിച്ച് നമുക്ക് സങ്കൽപ്പിക്കാൻപോലും സാധ്യമല്ല. പക്ഷേ, ഒരു നിബന്ധനയെന്തന്നാൽ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ നിന്നുള്ളവയായിരിക്കണം. വിശ്വാസദാർഢ്യത്താലായിരിക്കണം. ഉപരിപ്ലവമാകരുത്.

അല്ലാഹു തന്റെ ദാസരോടു ചെയ്യുന്ന ഔദാര്യങ്ങൾക്ക് ഉദാഹരണം നല്കിക്കൊണ്ട് ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു വലിയ ലജ്ജയുള്ളവനാണ്. വളരെ അന്തസ്സുള്ളവനും ഔദാര്യവാനുമാണ്. ദാസൻ അവന്റെ മുമ്പിൽ ഇരുകൈയും നീട്ടുമ്പോൾ അത് ശൂന്യമായും കാലിയായും മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു.

സത്യഹൃദയത്തോടെ ചെയ്യപ്പെടുന്ന ദുആകൾ തിരസ്കരിക്കപ്പെടുന്നതല്ല; സ്വീകരിക്കുന്നതാണ്. (സുനൻ അബൂദാവൂദ്, ബാബു തഫ്‌രീഉ അബ്‌വാബുൽവിത്‌ർ, ബാബു അദ്ദുആ, ഹദീഥ് 1488)

കൈകളുയർത്തുമ്പോഴാണ് ഈ സമയം ലഭ്യമാകുന്നത്. സത്യഹൃദയത്തോടെ മനുഷ്യൻ ചോദിക്കണം. സത്യഹൃദയത്തോടെ ചോദിക്കുന്നതിന് അനിവാര്യമായിട്ടുള്ളത് ചെയ്തുപോയ പാപങ്ങളിൽനിന്ന് പൂർണമായും രക്ഷപ്പെടുകയും യഥാർഥമായ പശ്ചാത്താപത്തിന്റെ പ്രതിജ്ഞ ചെയ്ത് അല്ലാഹുവിലേക്ക് വരികയും വേണം. ദുആ ചെയ്തെന്നും എന്നാൽ, സ്വീകരിക്കപ്പെട്ടില്ലെന്നും നമ്മൾ ചില ഘട്ടങ്ങളിൽ എടുത്തുചാടി പറയാറുണ്ട്. പക്ഷേ, തന്റെ അവസ്ഥ നോക്കുന്നില്ല;അതിൽ എത്രമാത്രം സത്യസന്ധതയുണ്ടെന്ന്! എത്രമാത്രം സത്യസന്ധതയോടുകൂടി അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നമ്മൾ ഉയരുന്നുവെന്ന്! എത്രമാത്രം സത്യസന്ധതയോടുകൂടി ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക് മാപ്പു ചോദിച്ചുകൊണ്ട് ഭാവിയിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെടാനും അല്ലാഹു പറഞ്ഞിട്ടുള്ള മാർഗങ്ങളിൽ നടക്കാനും പ്രതിജ്ഞചെയ്തുകൊണ്ടിരിക്കുന്നുവെന്ന്!

അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. അവന് നമ്മുടെ മനസ്സിന്റെ അവസ്ഥ അറിയാം. അവൻ നമ്മുടെ പാതാളംവരേയും അറിയുന്നവനാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കാൻ, തുറന്നു കിടക്കുന്ന അവന്റെ കവാടത്തിൽ കടക്കാൻ അതിന്റെ നിബന്ധനകളും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. അല്ലാഹുവിന്റെ ദയാലുത്വവും വാത്സല്യവും ദാസരുടെമേൽ എത്രമാത്രമാണെന്നാൽ എല്ലാ വർഷവും നമ്മെ റമളാൻ മാസത്തിൽ കൊണ്ടുവന്ന് സാധാരണ ദിവസങ്ങളിൽ സംഭവിച്ചുപോയ പഴയ പിഴവുകൾക്ക് ഈ മാസത്തിന്റെ അനുഗ്രഹമെടുത്തുകൊണ്ട് തന്നിലേക്ക് വരാനും തന്റെ ദാസന്മാരിൽ

ഉൾപ്പെടാനുമുള്ള സാഹചര്യമൊരുക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പ്രത്യേകിച്ചും ഈ ദിവസങ്ങളിൽ തന്റെ ദാസരുടെമേൽ സ്നേഹദൃഷ്ടി ഇടാനാഗ്രഹിക്കുന്നു.

ഈ ആയത്തിൽ അല്ലാഹു തന്റെ ദാസന്മാർ എന്ന പറഞ്ഞപ്പോൾ, അതിന്റെ ഉദ്ദേശ്യം യഥാർഥത്തിൽ അല്ലാഹുവിന്റെ ദാസരാകാനാഗ്രഹിക്കുന്നവരാണ്. യഥാർഥമായി തൗബ ചെയ്യാനാഗ്രഹിക്കുന്ന ദാസരാണ്.

അതുകൊണ്ട് യഥാർഥ ദാസരാകാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. റമളാനിൽ ഈ സാമീപ്യം കരസ്ഥമാക്കാനും യഥാർഥ ദാസന്മാരാകാനും പ്രത്യേകമായ സാഹചര്യമുണ്ടാകുന്നതാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നമ്മൾ മുന്നേറാൻ ശ്രമിക്കുമ്പോഴാണ് നമുക്ക് യഥാർഥ ദാസന്മാരാകൻ കഴിയുന്നത്. ഈ അവസ്ഥ ഉണ്ടാകുകയാണെങ്കിൽ അല്ലാഹു പറയുന്നു:എന്റെ അത്തരം ദാസന്മാരോടും എന്നിൽ അനുരക്തരായവരോടും പറയുക, ഞാൻ അവരുടെ പ്രാർഥനകൾ കേൾക്കുകയും മറുപടി നൽകുകയും ചെയ്യുന്നതാണ്.

അതിനാൽ നമ്മുടെ ദുആകൾ നമ്മുടെ സ്വാർഥതാൽപര്യങ്ങൾക്കു മാത്രമാകരുത്. പ്രത്യുത അല്ലാഹുവിന്റെ സാമീപ്യവും സ്നേഹവും കരസ്ഥമാക്കാനുള്ളതാകേണ്ടതാണ്. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ നമ്മൾ ഒരു ചാണും ഒരു മുഴവും വേഗം നടന്നുപോകുന്നവരുമാകുകയാണെങ്കിൽ അപ്പോൾ അല്ലാഹു നമ്മളിലേക്ക് അതിനെക്കാളുപരി ശ്രദ്ധിക്കുന്നതായിരിക്കും. ഓടി നമ്മെ സഹായിക്കാൻ വരുന്നതായിരിക്കും. പ്രാർഥനകൾ കേൾക്കുന്നതായിരിക്കും. പക്ഷേ, അല്ലാഹു വ്യക്തമായും പറഞ്ഞത് നിങ്ങൾക്ക് ഈസ്ഥാനം പ്രദാനം ചെയ്യാൻ ഇത് വായകൊണ്ടുള്ള സ്നേഹത്തിന്റെ വാദമാകരുതെന്നാണ്. പ്രത്യുത നിങ്ങൾക്ക് ഞാൻ പറയുന്ന കാര്യങ്ങൾ സമ്മതിക്കേണ്ടിവരും. എന്റെ കൽപ്പനകളനുസരിച്ച് നടക്കേണ്ടിവരും. അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റേണ്ടിവരും. പിന്നീട് ഈമാനിലും ശക്തി ഉണ്ടാക്കേണ്ടതായിവരും; ഒരിക്കലും ഇളകാത്ത കരുത്തുറ്റ ഈമാൻ! ഇതൊക്കെ ഉണ്ടാകുമ്പോഴാണ് എന്റെ ദാസരിൽ, യഥാർഥ ദാസരിൽ എണ്ണപ്പെടുകയുള്ളു. ഇവിടെ തങ്ങൾ ഒരുപാടു ദുആ ചെയ്തെന്നും ഒരുപാട് സുജൂദ് ചെയ്തെന്നും ഒരുപാട് നഫ്‌ലുകൾ അനുഷ്ഠിച്ചുവെന്നും പക്ഷേ, തങ്ങൾക്കൊന്നും കരസ്ഥമായില്ലെന്നും പറയുന്നവർ ആത്മപരിശോധന നടത്തുക; അവർ അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് കർമങ്ങൾ ചെയ്തുവോ? അവർ തങ്ങളുടെ ഈമാനികാവസ്ഥയെ ഒരു കൊടുങ്കാറ്റിനും ഇളക്കാൻ പറ്റാത്ത നിലവരെ എത്തിച്ചുവോ? അത്തരക്കാരിൽ ഭൂരിഭാഗമാളുകളുടേയും അവസ്ഥ തങ്ങളുടെ പ്രേമഭാജനത്തിന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നതിനുപകരം തങ്ങളുടെ ആവശ്യങ്ങളുടെ ലിസ്റ്റ് അവതരിപ്പിച്ചിട്ട് അല്ലാഹു ഇതൊന്നും പൂർത്തിയാക്കിത്തന്നില്ലെന്ന് പറയുന്നതാണ്. അപ്പോൾപ്പിന്നെ ദുആകൊണ്ട് എന്തു ഫലമുണ്ടാകാനാണ്.

പിന്നീട് അല്ലാഹുവിന്റെ അസ്തിത്വത്തിലും പ്രാർഥനകളുടെ യുക്തികളിലും പ്രാർഥനകളുടെ സ്വീകരണത്തിലും ചോദ്യമുന്നയിക്കാൻ തുടങ്ങുന്നു. ഇത് അല്ലാഹുവിന്റെ ദാസരുടെ ലക്ഷണമല്ല. അല്ലാഹു വെറുംകൈയോടെ മടക്കാൻ ലജ്ജിക്കുന്ന ആളുകളുടെ ലക്ഷണമല്ല. അതുകൊണ്ട് അല്ലാഹുവിനെക്കുറിച്ച് ചോദ്യമുന്നയിക്കുന്നതിനുമുമ്പേ നമ്മൾ നമ്മുടെ അവസ്ഥയെ കുറിച്ച് വിലയിരുത്തേണ്ടതാണ്. നമ്മൾ അല്ലഹു പറഞ്ഞ കാര്യങ്ങൾ വിശ്വസിച്ചുകൊണ്ട് എത്രത്തോളം അതനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു?

എത്രത്തോളം നമ്മൾ നമ്മുടെ ഈമനിൽ കരുത്തുറ്റവരാണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനെക്കുറിച്ച് തന്റെ സാഹിത്യങ്ങളിൽ, വിവിധ ഗ്രന്ഥങ്ങളിൽ മാർഗനിർദേശം നല്കിയിട്ടുണ്ട്. പ്രാർഥനയുടെ യുക്തി, അതിന്റെ സ്വീകരണത്തിന്റെ യുക്തിയും തത്ത്വവും വളരെ വിശദീകരിച്ച് വിവരിച്ചിട്ടുണ്ട്. ദുആ യഥാർഥ ദുആയാണെന്ന് പറയാനുള്ള നിലവാരവും പറഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, അല്ലാഹുവിന്റെ യഥാർഥ ദാസനാരാണെന്നതിനുള്ള ആ മഹാത്മാവിന്റെ കുറച്ചു ഉദ്ധരണികളും ഞാൻ സമർപിക്കുന്നതായിരിക്കും.

ആ മഹാത്മാവ് പറയുന്നു: അല്ലാഹു പറയുകയാണ്. എന്റെ ദാസന്മാർ എന്നെ സംബന്ധിച്ച് ചോദിക്കുമ്പോൾ, അതായത് അവർ ദൈവാസ്തികൃത്തിനുള്ള തെളിവു ചോദിക്കുമ്പോൾ അതിനുള്ള മറുപടി, ഞാൻ സമീപത്തു തന്നെയുണ്ട് എന്നാകുന്നു. വലിയ തെളിവുകളുടെയൊന്നും ആവശ്യമില്ല. എന്റെ അസ്തിത്വം വളരെ അടുത്തുള്ളതും മനസിലാക്കാൻ കഴിയുന്നതുമാണ്. വളരെ വേഗം എന്റെ അസ്തിത്വത്തിനെ സംബന്ധിച്ചു തെളിവ് ലഭിക്കുന്നതായിരിക്കും. ആ തെളിവ് ഇതാകുന്നു: ദുആ ചെയ്യുന്നയാൾ, എന്നെ വിളിക്കുമ്പോൾ ഞാൻ അതു കേൾക്കുകയും എന്റെ ഇൽഹാമിലൂടെ അയാളുടെ വിജയത്തെക്കുറിച്ച് സുവാർത്ത നൽകുകയും ചെയ്യുന്നു. ഇതുമുഖേന അയാൾക്ക് എന്റെ അസ്തിത്വത്തിൽ മാത്രമല്ല ദൃഢവിശ്വാസമുണ്ടാകുന്നത് പ്രത്യുത ഞാൻ സർവ ശക്തനാണെന്ന കാര്യത്തിലും ദൃഢബോധം വരുന്നതാണ്. പക്ഷേ, ഇത്തരമാളുകളുടെ അവസ്ഥ തഖ്‌വായിലും ദൈവഭയത്തിലുമുള്ളതായിരിക്കണം. അങ്ങനെയാകുമ്പോഴാണ് അവരുടെ വിളി ഞാൻ കേൾക്കുന്നത്. ഇതൊരു സുപ്രധാന നിബന്ധനയാകുന്നു. ആദ്യം തഖ്‌വാ സ്വായത്തമാക്കണം, ദൈവ ഭയമുണ്ടാക്കണം. പിന്നീട് ഞാൻ അവരുടെ വിളി കേൾക്കുന്നതാണ്. പറഞ്ഞു: അവർ എന്നിൽ വിശ്വസിക്കേണ്ടതുമാണ്. അതായത് പൂർണമായ ദിവ്യജ്ഞാനം കിട്ടുന്നതിനുമുമ്പേ അവർ ദൈവമുണ്ടെന്ന് അംഗീകരിക്കുകയും അവൻ സകലശക്തികളും

കഴിവുകളുമുള്ളവനാണെന്ന് ഉൾക്കൊള്ളുകയും വേണം. അതായത്, അല്ലാഹുവിനെ സംബന്ധിച്ച പൂർണമായ ദിവ്യജ്ഞാനം ദുആയിലൂടെ കിട്ടുന്നതിനുമുമ്പേ, അത് സംബന്ധിച്ചുള്ള അടയാളങ്ങൾ ലഭ്യമാകുന്നതിനു മുമ്പേ അല്ലാഹു 'ഉണ്ട്' എന്ന കാര്യത്തിൽ ദൃഢബോധ്യവും വിശ്വാസവും വേണം. ആദ്യം അല്ലാഹുവിലുള്ള വിശ്വാസം സുദൃഢമായിട്ടുണ്ടാകണം. ഈമാൻ ബിൽ ഗയ്ബുണ്ടാകണം. പിന്നെ എല്ലാ ശക്തികളും കഴിവുകളും അവനുണ്ടെന്ന് ദൃഢബോധ്യം വേണം. കാരണം, ആരാണോ വിശ്വസിക്കന്നത് അവനുതന്നെയാണ് ദിവ്യജ്ഞാനം നല്കപ്പെടുന്നത്.(അയ്യുമസ്സുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14, പേജ് 260-261)

ഈമാൻ ആദ്യമുണ്ടാകുകയാണെങ്കിൽപ്പിന്നെ ഇർഫാൻ അഥവാ ഈശ്വരീയജ്ഞാനവുമുണ്ടാകും. ഈമാനിന്റെ ഉന്നത നിലവാരമുണ്ടാകുകയാണെങ്കിൽ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങളുമുണ്ടാകുന്നതായിരിക്കും. എന്തെങ്കിലും പരീക്ഷണംകൊണ്ട് മനുഷ്യൻ വെള്ളംകോരുന്ന തൊട്ടിപോലെയാകരുത്. ദുആ കേൾക്കുന്നുവെന്നത് അല്ലാഹു താനുണ്ട് എന്നതിനുള്ള തെളിവ് എന്ന നിലയ്ക്കാണ് പറയുന്നത്. ദുആ കേൾക്കുന്നില്ലെങ്കിൽ അവനുമായുള്ള ബന്ധത്തിൽ കുറവുണ്ടായിരിക്കും; രണ്ടു സുഹൃത്തുക്കൾക്കിടയിലുള്ള ബന്ധക്കുറവുപോലെ. ഈ കുറവ് നികത്താനുള്ള മാർഗം തഖ്വാ അഥവാ ഭയഭക്തി സ്വായത്തമാക്കുകയാണെന്ന് പറയുന്നു. അല്ലാഹു 'ഉണ്ട്' എന്ന കാര്യം പ്രഖ്യാപിക്കുക. അതിലുറച്ചു വിശ്വസിക്കുക. അദൃശ്യത്തിലുള്ള അവന്റെ അസ്തിത്വം അംഗീകരിക്കുക. മൂന്നാമത്തെ മാർഗം, അല്ലാഹുവിന് സകല കഴിവുകളും ശക്തികളുമുണ്ടെന്ന് ഉറച്ചു വിശ്വസിക്കുകയാണ്. അവനല്ലാതെ മാറ്റാർക്കും തന്നെ അത്തരത്തിലുള്ള കഴിവുകളില്ല. ദുആ സ്വീകാര്യതയ്ക്കുള്ള ഏറ്റവും ചുരുങ്ങിയ മാനദണ്ഡങ്ങളാണ് ഇതെല്ലാം.

വീണ്ടും ആ മഹാത്മാവ് പറയുന്നു: എന്റെ ദാസന്മാർ എന്റെ അസ്തിത്വത്തെ സംബന്ധിച്ച്, അതിനുള്ള തെളിവെന്താണെന്നും ദൈവത്തെ എങ്ങനെ മനസിലാക്കാമെന്നും ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാകുന്നു: ഞാൻ വളരെ സമീപസ്ഥനാണ്. ഞാൻ എന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്നു. എന്നെ വിളിക്കുമ്പോൾ അവന്റെ വിളി ഞാൻ കേൾക്കുന്നു. ഞാൻ അവനോട് സംവദിക്കുന്നു. അതുകൊണ്ട് അവൻ, ഞാൻ അവനോടു സംവദിക്കാൻ തക്കവണ്ണം തന്റെ അവസ്ഥയിൽ മാറ്റം വരുത്തട്ടെ. അതായത്, അല്ലാഹു സംസാരിക്കാൻ തക്കവണ്ണം ആദ്യം തന്റെ അവസ്ഥയെ ശരിയാക്കേണ്ടതാണ്. എന്നിലേക്കുള്ള വഴികൾ കിട്ടാൻ എന്നിൽ പൂർണ വിശ്വാസവും വേണം.(ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 159) അപ്പോഴാണ് സന്മാർഗത്തിലേക്കുള്ള വഴി ലഭ്യമാവുക.

അതിനാൽ ദൃഢഗാഢമായ വിശ്വാസമുണ്ടാക്കേണ്ട ആവശ്യമുണ്ട്. ഞാൻ നേരത്തെ പറഞ്ഞുവന്ന നിബന്ധനകൾക്കനുസരിച്ച് മാർഗങ്ങൾക്കു വിധേയമായി പ്രവർത്തിക്കേണ്ടതാണ്. അതായത്, ഒന്ന് തഖ്വായുടെ അവസ്ഥ ഉണ്ടാകുക, ദൈവഭയവുമുണ്ടാകുക. രണ്ട്, ദൃഢഗാഢമായ വിശ്വാസമുണ്ടാകുക. അദൃശ്യത്തിലുള്ള വിശ്വാസമല്ല, അനുഭവമാണ് വേണ്ടത്. അല്ലാഹു ഉണ്ട് എന്ന് പൂർണ ബോധ്യമുണ്ടായിരിക്കണം. മൂന്ന്, അവന് സകലശക്തികളും കഴിവുകളുമുണ്ടെന്ന് പൂർണ വിശ്വാസവും വേണം. എന്തെങ്കിലും ഒരു കാര്യം നടന്നില്ലെങ്കിൽ അതവന്റെ കഴിവിൽ പെട്ടതല്ലെന്ന് പറയരുത്. പരാതി ഉണ്ടാകരുത്. അവനു സകല ശക്തികളും കഴിവുകളുമുണ്ടെന്ന് ദൃഢമായവിശ്വാസമുണ്ടായിരിക്കണം.

ദുആ സ്വീകരിക്കപ്പെടാതെ വരുമ്പോൾ നിരാശാജനകമായ കാര്യങ്ങൾ പറയുകയും അല്ലാഹുവിന്റെ അസ്തിത്വത്തിൽ സംശയം പ്രകടിപ്പിക്കുകയും ചെയ്യുന്നവൻ ആദ്യം സ്വയം തന്നെത്തന്നെ ഒന്ന് വിലയിരുത്തേണ്ടതാണ്. ഈ മൂന്ന് അവസ്ഥകളും അവർക്കുണ്ടായിട്ടുണ്ടോ എന്നും അവർക്കുണ്ടായിട്ടുള്ള അവസ്ഥയിൽ അവർ നിലനിൽക്കുന്നുണ്ടോ എന്നു നോക്കുകയും വേണം. ഈമാന്റെ അവസ്ഥ ഉണ്ടായിരിക്കുകയും പിന്നെ അവന്റെ അസ്തിത്വത്തിൽ സംശയമുണ്ടാവുക എന്നതും സാധ്യമേയല്ല.

പിന്നീട് മറ്റൊരിടത്തു ആ മഹാത്മാവ് പറയുന്നു: വ ഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇന്നീ ഖരീബ്. അതായത്, അല്ലാഹുവിനെ സംബന്ധിച്ച്, എങ്ങനെ അറിയാം എന്ന് ചോദിക്കുമ്പോൾ അതിനുള്ള മറുപടി, ഇസ്‌ലാമിന്റെ ദൈവം വളരെ സമീപസ്ഥനാകുന്നു എന്നതാണ്. അവനെ സത്യഹൃദയത്തോടെ  വിളിക്കുകയാണെങ്കിൽ അവൻ മറുപടി നൽകുന്നതായിരിക്കും. മറ്റു വിഭാഗങ്ങളുടെ, അതായത്, മറ്റു മതസ്ഥരുടെ ദൈവം സമീപസ്ഥനല്ല. മറിച്ചു വളരെ ദൂരെയാകുന്നു. അതിനെക്കുറിച്ച് അറിയാൻതന്നെ പ്രയാസമാണ്. ദാസന്റെ അഥവാ ആരാധകന്റെ ഏറ്റവും ഉന്നതമായ ലക്ഷ്യം അവന്റെ സാമീപ്യം കരസ്ഥമാക്കുകയായിരിക്കണം. അതായത്, ഒരു ആരാധകന്റെ ഏറ്റവും ഉന്നതമായ ലക്ഷ്യം അല്ലാഹുവിന്റെ അസ്തിത്വത്തിൽ ഉറച്ചവിശ്വാസം ഉണ്ടാകാൻ ഉതകുന്ന രീതിയിൽ അല്ലാഹുവിന്റെ സാമീപ്യം കിട്ടുകയും അവനോടുള്ള സ്നേഹം ഹൃദയത്തിൽ ഉണ്ടാവുകയും ചെയ്യണം എന്നതായിരിക്കണം. ഉജീബു ദഅ്‌വത്തദ്ദായി ഇദാ ദആനി(2:187) എന്നതിന്റെയും അർഥം ഇതുതന്നെയാണ്. അവൻ ഉത്തരം നൽകുന്നവനാണ്. മൂകനല്ല. മറ്റെല്ലാ തെളിവുകളും ഇതിനു മുമ്പിൽ വ്യർഥമാകുന്നു. സംസാരമെന്നത് കൂടിക്കാഴ്ചക്ക് തുല്യമാണ്.(മൽഫൂദാത്ത് വാള്യം 7, പേജ് 107, 1984 പതിപ്പ്)

അതിനാൽ, സത്യഹൃദയത്തോടെ വിളിക്കേണ്ടത് അനിവാര്യമാണ്. സത്യഹൃദയത്തോടെ വിളിക്കുക എന്നുവെച്ചാൽ, അവൻ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും അവനിൽ വിശ്വാസം സുദൃഢമാക്കുകയും ചെയ്യുക എന്നാണ്.

പിന്നീട് അവിടന്ന് പറഞ്ഞു: എന്റെ ദാസൻ എന്നെ സംബന്ധിച്ചു ചോദിക്കുമ്പോൾ ഞാൻ വളരെ സമീപസ്ഥനാകുന്നു. ഞാൻ എന്നെ വിളിക്കുന്നവന്റെ പ്രാർഥന കേൾക്കുന്നു. പറഞ്ഞു:ചിലയാളുകൾ അവന്റെ അസ്തിത്വത്തിൽ സംശയിക്കുന്നു. എന്റെ അസ്തിത്വത്തിനുള്ള അടയാളമെന്തെന്നാൽ നിങ്ങൾ എന്നെ വിളിക്കുകയും എന്നോടു ചോദിക്കുകയും ചെയ്യുക. ഞാൻ നിങ്ങളെ വിളിക്കുകയും മറുപടി നൽകുകയും നിങ്ങളെ ഓർക്കുകയും ചെയ്യുന്നതാണ്. ഹദീഥിലും വന്നിട്ടുള്ളതുപോലെ. അല്ലാഹു പറയുന്നു: നിങ്ങളെന്നെ മനസ്സുകളിലോ സദസ്സുകളിലോ എവിടെ സ്മരിക്കുകയാണെങ്കിലും ഞാനും നിങ്ങളെ ഓർക്കുന്നതാണ്. നേരത്തെയും പറഞ്ഞ കാര്യമാണ്. അതായത്, ഞങ്ങൾ വിളിക്കുന്നുവെങ്കിലും മറുപടി ലഭിക്കുന്നില്ലെന്നാണ് പറയുന്നതെങ്കിൽ നോക്കുക, നിങ്ങൾ ഒരു സ്ഥലത്തു നിന്നുകൊണ്ട് വളരെ ദൂരെയുള്ള ഒരാളെ വിളിക്കുകയാണ്. നിങ്ങളുടെ കാതുകൾക്ക് കുറച്ച് പോരായ്മയുണ്ട്.

ഒന്നാമത്തെ കാര്യമെന്തെന്നാൽ വളരെ ദൂരത്ത് നിൽക്കുന്നതുകൊണ്ട്  പ്രയോജനമൊന്നുമില്ല. സമീപത്തു വരിക. സ്നേഹം കൊണ്ട് സാമീപ്യം കിട്ടുന്നതാണ്. മനസ്സിനുള്ളിൽ അല്ലാഹുവിനോടുള്ള ആ സ്നേഹമുണ്ടാക്കുക. നിങ്ങളുടെ സ്വന്തം കാതുകളിൽ എന്തോ ന്യൂനതയുണ്ട്. ദുർബലമായ വിശ്വാസവും കാതുകളിൽ ന്യൂനത ഉണ്ടാക്കുന്നതാണ്. വിശ്വാസത്തിന്റെ ഈ ദൗർബല്യത്തെ അകറ്റിക്കൊണ്ട് വിശ്വാസം സുദൃഢമാക്കുക. അപ്പോൾ സാമീപ്യം ലഭിക്കുന്നതാണ്. അപ്പോൾ നിങ്ങളുടെ ശബ്ദം കേട്ടുകൊണ്ട് നിങ്ങൾക്ക് മറുപടി ലഭിക്കും.' കേൾക്കുന്നയാളുടെ മറുപടി നിങ്ങൾക്ക് ലഭിക്കും. അദ്ദേഹം ഉദാഹരണം നൽകുകയാണ്. നിങ്ങൾ ദൂരെനിന്ന് വിളിക്കുകയാണ്. നിങ്ങളുടെ ശബ്ദം എത്തിയിരിക്കുന്നു. വ്യക്തമായ രീതിയിൽ ശബ്ദം എത്തിയിട്ടുണ്ട്. നിങ്ങൾക്ക് മറുപടി നൽകുന്നുമുണ്ട്. അയാൾ ദൂരെ നിന്ന് മറുപടി നൽകുകയാണ്. ബധിരത കാരണം നിങ്ങൾക്കത് കേൾക്കാൻ കഴിയുന്നില്ലെന്ന് മാത്രം.അല്ലാഹു മറുപടി നൽകുന്നുണ്ടെങ്കിലും നിങ്ങളുടെ വിശ്വാസം സുദൃഢമല്ല, നിങ്ങളുടെ സ്നേഹത്തിൽ കുറവുമുണ്ട്, അവൻ പറയുന്ന കാര്യങ്ങളനുസരിച്ചു നിങ്ങൾ നീങ്ങുന്നുമില്ല. ഈ ബധിരതയാണ് നിങ്ങളുടെ കാതുകളിലുള്ളത്. അതുകാരണം നിങ്ങൾക്ക് അവന്റെ ശബ്ദം കേൾക്കാൻ കഴിയുന്നില്ല. അല്ലാഹു മറുപടി നൽകുന്നുണ്ടെങ്കിൽ പോലും, അവൻ മറുപടി നൽകിയിട്ടില്ലെന്നാണ് നിങ്ങൾ പറയുക. വാസ്തവത്തിൽ അവൻ മറുപടി നൽകിയിട്ടുണ്ട്. നിങ്ങളുടെ അവസ്ഥകളെ നന്നാക്കുക. അങ്ങനെയാണെങ്കിൽ, ഉച്ചത്തിൽ നിങ്ങൾക്കത് കേൾക്കാൻ കഴിയും. പക്ഷെ, ബധിരത കാരണം ആ ശബ്ദം നിങ്ങൾ കേൾക്കുന്നില്ലെന്ന് മാത്രം.

പറഞ്ഞു: നിങ്ങളുടെ ഇടയിലുള്ള മറകളും പർദകളും മാറുകയും  ദൂരം കുറയുകയും ചെയ്യുന്നതിനനുസരിച്ച്  നിങ്ങൾ തീർച്ചയായും ആ ശബ്ദം കേൾക്കുന്നതാണ്. തഖ്വായിൽ മുന്നേറുമ്പോൾ ആ ശബ്ദം കേൾക്കുന്നതിന് ശ്രദ്ധ ഉണ്ടാകുന്നതാണ്. ലോകം ഉണ്ടായതു മുതൽ അവൻ തന്റെ വരിഷ്ഠ ദാസന്മാരോട് സംവദിക്കുന്നു എന്നതിന് തെളിവ് നൽകികൊണ്ടിരുന്നിട്ടുണ്ട്. അങ്ങനെ അല്ലായിരുന്നുവെങ്കിൽ പതിയെപ്പതിയെ അവന്റെ അസ്തിത്വമുണ്ടെന്ന കാര്യംതന്നെ ഇല്ലാതായി പോവുമായിരുന്നു.

അതിനാൽ, ദൈവാസ്തികൃത്തിനുള്ള തെളിവുകളിൽ ഏറ്റവും ശക്തമായത് നമ്മളവന്റെ ശബ്ദം കേൾക്കുക എന്നതാണ്. ഒന്നുകിൽ അവനെ കാണുക. അല്ലെങ്കിൽ അവന്റെ ശബ്ദം കേൾക്കുക. ചില സമയങ്ങളിൽ അല്ലാഹു തന്നെ  വെളിപ്പെടുത്തുന്നു. ചില സമയത്ത് ശബ്ദം മാത്രം കേൾപ്പിക്കുന്നു.  ഇക്കാലഘട്ടത്തിൽ സംസാരിക്കുക എന്ന്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

പറയുന്നത് കാണുന്നതുപോലെത്തന്നെയാണ്. അല്ലാഹുവിലേക്കുള്ള സൂചനകൾ ലഭ്യമാകുന്നതും ഇക്കാലത്ത് അല്ലാഹുവിനെ കാണുന്നതുപോലെ തന്നെയാകുന്നു. അതേസമയം, ദൈവത്തിനും അന്വേഷകനുമിടയിൽ മറയുള്ള സമയമത്രയും കേൾക്കാൻ കഴിയുന്നതല്ല. സംസാരിക്കുന്നുവെങ്കിൽപോലും മറകളുള്ളതുകൊണ്ട് കേൾക്കാൻ കഴിയുന്നില്ല. ഇടയിലുള്ള തടസം നീങ്ങുകയാണെങ്കിൽ അവന്റെ ശബ്ദം കേൾക്കാൻ കഴിയുന്നതാണ്. ആയതിനാൽ, സമീപത്തു വരുവിൻ. സ്വച്ഛമായ സ്നേഹം ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ സാമീപ്യം ലഭ്യമാകുന്നതാണ്. മറകൾ അകലുന്നതാണ്. അല്ലാഹു പറയുന്നു: ഞാൻ മറുപടി നൽകുന്നുണ്ട്. നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നില്ല. ആദ്യത്തെ മറുപടിയെന്തെന്നാൽ, നിങ്ങൾ സ്നേഹത്തിൽ മുന്നേറുക. സ്നേഹം വർധിക്കുകയാണെങ്കിൽ ബധിരതയും അകലുന്നതാണ്.

മറ്റൊരു സ്ഥലത്തു ആ മഹാത്മാവ്(അ)പറയുന്നു: ദുആ ദൈവാസ്തികൃത്തിനുള്ള ഉഗ്രൻ തെളിവാകുന്നു. അല്ലാഹു ഒരിടത്തു പറയുന്നു: വ ഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇന്നീ ഖരീബ്. ഉജീബു ദഅ്വത്തദ്ദായി ഇദാ ദആൻ(2:187). അതായത്, എന്റെ ദാസന്മാർ ദൈവമെവിടെയെന്നും അതിനുള്ള തെളിവെന്താണെന്നും നിന്നോടു ചോദിക്കുകയാണെങ്കിൽ പറയുക, വളരെ സമീപസ്ഥനാകുന്നു. അതിനുള്ള തെളിവെന്തെന്നാൽ പ്രാർഥിക്കുന്നവൻ എന്നെ വിളിക്കുമ്പോൾ ഞാൻ അവന് മറുപടി നൽകുന്നതായിരിക്കും. ഈ മറുപടി 'റുഅ്യാ സ്വാലിഹ' അഥവാ നല്ല സ്വപ്നങ്ങൾ മുഖേനയും ലഭ്യമാകാവുന്നതാണ്. ചിലപ്പോൾ കശ്ഫ് അഥവാ ജാഗ്രദർശനം മുഖേനയും ഇൽഹാം അഥവാ ദിവ്യവാണികൾ മുഖേനയും മറുപടി ലഭിക്കുന്നതാണ്. ഇതുകൂടാതെ ദുആകൾ മുഖേന അല്ലാഹുവിന്റെ ശക്തികളും കഴിവുകളും പ്രകടമാകുന്നു. അല്ലാഹു നമ്മുടെ വിളി കേട്ടുവെന്നും പ്രാർഥന സ്വീകരിച്ചുവെന്നും അതുകൊണ്ടാണ് ഈ കാര്യങ്ങൾ നടന്നതെന്നും സ്വയം ബോധ്യപ്പെടുന്നതായിരിക്കും. പറയുന്നു: അവൻ പ്രയാസങ്ങൾ പരിഹരിക്കാൻ കഴിവുള്ളവനാകുന്നു. അതിനാൽ, ദുആ ഒരു വൻ നിധിയും ശക്തിയുമാകുന്നു. വിശുദ്ധ ഖുർആനിൽ കൂടെക്കൂടെ അതിലേക്കുള്ള പ്രേരണ നൽകുന്നു. ദുആ മുഖേന പ്രയാസങ്ങളിൽനിന്ന് മോചനം കിട്ടിയവരുടെ അവസ്ഥകളും പറഞ്ഞു തന്നിരിക്കുന്നു. പ്രവാചകന്മാരുടെ ജീവിതത്തിന്റെ തായ്‌വേരും അവരുടെ വിജയങ്ങളുടെ അടിത്തറയും ശരിയായ മാർഗവും ഈ ദുആ തന്നെയായിരുന്നു. ആയതിനാൽ, ഞാൻ ഉപദേശിക്കുകയാണ്. തങ്ങളുടെ വിശ്വാസത്തിന്റെയും കർമത്തിന്റെയും ശക്തികൾ വർധിപ്പിക്കുന്നതിന് ദുആകളിൽ മുഴുകുവിൻ. ദുആകൾ മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ പര്യവസാനം ശുഭകരമായി തീരുന്നതിനുള്ള മാറ്റങ്ങൾ ഉണ്ടാകുന്നതായിരിക്കും.(മൽഫൂദാത്ത് വാള്യം 7, പേജ് 268-269, 1984 പതിപ്പ്)

ഇതു പഴയ കാര്യങ്ങളല്ല. ഇക്കാലത്തും അതിനുള്ള തെളിവുകൾ ലഭിക്കുന്നുണ്ട്. നിരവധിയാളുകൾ തങ്ങളുടെ ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ എഴുതാറുണ്ട്. പല സമയത്തും ഞാൻ ആ സംഭവങ്ങൾ കേൾപ്പിച്ചിട്ടുമുണ്ട്. ദൈവാസ്തികൃത്തെ സംബന്ധിച്ചു റിവ്യൂ ഓഫ് റിലീജിയൻസ് പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. അതിലും പലയാളുകളും ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ വിവരിക്കുകയുണ്ടായി. മാത്രമല്ല, ചിലപ്പോൾ അല്ലാഹു എത്രമാത്രം അനുഗ്രഹിക്കുന്നുവെന്നാൽ വിശ്വാസത്തെ സുദൃഢമാക്കുന്നതിന് ദുആകൾക്ക് സ്വീകാര്യത നൽകിക്കൊണ്ട്, പ്രാർഥിക്കുന്നവന്റെ പ്രാർഥന ശ്രവിച്ചുകൊണ്ട്, തന്റെ ശക്തിപ്രഭാവങ്ങളുടെ തേജസ് വെളിപ്പെടുത്തുന്നു. വിശ്വാസദൗർബല്യമുള്ളവർക്കും ചില സമയത്ത് വിശ്വാസം വർധിപ്പിക്കുന്നതിന് അത് കാണിച്ചു കൊടുക്കുന്നു. ഇത്തരത്തിൽ നൂറുക്കണക്കിനാളുകൾ എനിക്ക് കത്തെഴുതുകയും എന്നോട് നേരിട്ട് പറയുകയും ചെയ്തിട്ടുണ്ട്.

ദുആയുടെ യഥാർഥ്യം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് ഒരു സ്ഥലത്തു പറയുന്നു: ദിവ്യജ്ഞാനം ദൈവാനുഗ്രഹം മുഖേനയാണ് ലഭ്യമാകുന്നതും നിലനില്ക്കുന്നതും. ദൈവാനുഗ്രഹം ദൈവജ്ഞാനത്തെ അതിനിർമലവും പ്രകാശവത്തും ആക്കിത്തീർക്കുന്നു. ഇടയിൽനിന്നു മറകളെയെല്ലാം നീക്കിക്കളയുകയും ചെയ്യുന്നു. ദോഷപ്രവണമായ ആത്മാവിന് (നഫ്സ് അമ്മാറ)വേണ്ടി പൊടിപടലങ്ങളെയെല്ലാം അകറ്റിക്കളയുകയും ആത്മാവിന് ഓജസ്സും ജീവനും പ്രദാനം ചെയ്യുകയും ചെയ്യുന്നു. നഫ്സ് അമ്മാറയെ പാപത്തിന്റെ ബന്ധനത്തിൽനിന്നു അതു മോചിപ്പിക്കുകയും ദുരാഗ്രഹങ്ങളുടെ വൃത്തികേടുകളിൽനിന്നു ശുദ്ധീകരിക്കുകയും ശാരീരികവികാരങ്ങളുടെ വേലിയേറ്റങ്ങളിൽനിന്നു പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. അപ്പോൾ മനുഷ്യനിൽ ഒരു പരിവർത്തനം സംജാതമാകുകയും അവൻ പാപപങ്കിലമായ ജീവിതത്തോടു സ്വാഭാവികമായിതന്നെ വിരക്തനായിഭവിക്കുകയും ചെയ്യുന്നു. ദിവ്യാനുഗ്രഹം മുഖേന ആത്മാവിൽ ഉണ്ടാകുന്ന ആദ്യത്തെ ചലനം പ്രാർത്ഥന ആകുന്നു. നിത്യവും ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവല്ലോ. ഞാൻ അനുഷ്ഠിക്കുന്ന മുഴുവൻ നമസ്കാരവും പ്രാർഥന തന്നെയാണല്ലോ എന്നിങ്ങനെ ഒരിക്കലും വിചാരിച്ചുപോകരുത്. എന്തെന്നാൽ, ദിവ്യജ്ഞാനം (മഅരിഫത്ത്) ലഭിച്ചശേഷം ദിവ്യാനുഗ്രഹത്തിലൂടെ ചെയ്യുന്ന പ്രാർഥന മറ്റൊരു നിറത്തിലും മറ്റൊരവസ്ഥയിലും ഉള്ളതാകുന്നു. ഖലീഫത്തുൽ മസീഹ് അൽഖാമിസ് പറയുന്നു:നമ്മളനുഷ്ഠിച്ച ഈ ബാഹ്യമായ നമസ്കാരം, വരികയും വേഗം വേഗം അഞ്ചു മിനിട്ടുകൊണ്ട് നമസ്കാരത്തിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന നമസ്കാരം നമസ്കാരമോ ദുആകളോ അല്ല. അതിന് മഅരിഫത്ത് അഥവാ ദിവ്യജ്ഞാനം ഉണ്ടാകണം. ആ ദിവ്യജ്ഞാനം ഉണ്ടാവുകയാണെങ്കിൽ പിന്നെ ദുആകളുടെ രുചിതന്നെ ഒന്നു വേറെയായിരിക്കും. പ്രസ്തുത നമസ്കാരത്തിന്റെ സ്വാദും ഒന്നുവേറെ തന്നെയായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: അത് സ്വയം നാശം വരുത്തുന്ന ഒന്നാകുന്നു. അത് ആത്മാവിനെ ഉരുക്കിക്കളയുന്ന തീയാകുന്നു. അത് അനുഗ്രഹത്തെ (റഹ്മത്തിനെ) ആകർഷിച്ചടുപ്പിക്കുന്ന കാന്തശക്തിയാകുന്നു. അത് ജീവൻ നൽകുന്ന ഒരുതരം മരണമാകുന്നു. അതൊരു രക്ഷാനൗകയായി മാറുന്ന ഉഗ്രമായ പ്രളയമാകുന്നു. എല്ലാ ദുഷിച്ച കാര്യങ്ങളും അതിൽ ഉടലെടുക്കുകയും എല്ലാ വിഷവും അതുമുഖേന ഒടുവിൽ അമൃതമായി മാറുകയും ചെയ്യുന്നു.(ലക്ചർ സിയാൽക്കോട്ട്,റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 222) അതുകൊണ്ട് നമ്മളിൽനിന്ന് ഈ മഅ്രിഫത്ത് കരസ്ഥമാക്കാൻ ശ്രമിക്കുന്നവരാണ് ഭാഗ്യവാന്മാർ.

ആ മഹാത്മാവ് തുടരുന്നു: പ്രാർഥന ദൈവത്തിൽനിന്നു വരുന്നു. അതു അവനിലേക്കുതന്നെ തിരിച്ചുപോകുന്നു. പ്രാർഥനമൂലം ദൈവം നിങ്ങളുടെ അടുക്കലേക്ക് വരുന്നു. നിങ്ങളുടെ ജീവന്റെ അടുത്തോളംതന്നെ. മനുഷ്യനിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടായിത്തീരുന്നു എന്നതാണ് പ്രാർഥനയുടെ ഒന്നാമത്തെ അനുഗ്രഹം.

ദുആ സ്വീകരിക്കപ്പെട്ടുവെന്നും അല്ലാഹു തൃപ്തനായിയെന്നും എങ്ങനെ മനസിലാക്കാം എന്ന് പലരും ചോദിക്കാറുണ്ട്. അവർക്കുള്ള മറുപടി പരിശുദ്ധ മാറ്റമുണ്ടാകുന്നു എന്നതാണ്.

പരിശുദ്ധ മാറ്റമുണ്ടാകുമ്പോഴാണ് അല്ലാഹുവുമായുള്ള ബന്ധത്തിൽ മനുഷ്യന് പുരോഗതി ഉണ്ടാകുന്നത്. പരിശുദ്ധ മാറ്റമുണ്ടാകുമ്പോൾ ദുആ സ്വീകാര്യതക്കുള്ള അടയാളങ്ങളും ലഭ്യമാകുന്നതാണ്. പറഞ്ഞു: മനുഷ്യനിൽ പരിശുദ്ധ മാറ്റമുണ്ടാകുന്നു. പിന്നെ, ആ പരിവർത്തനത്തോടെ അല്ലാഹുവും അവന്റെ ഗുണങ്ങളിൽ ഒരു പരിവർത്തനമുണ്ടാക്കുന്നു. അവന്റെ ഗുണങ്ങൾ (സ്വിഫാത്ത്) മാറ്റമില്ലാത്തതാണെങ്കിലും മാറ്റമുണ്ടാക്കുന്നവർക്ക് വേണ്ടി അവൻ കാണിക്കുന്ന മറ്റൊരു പ്രത്യേകമായ ദ്യുതിവിലാസവുമുണ്ട്. അതുപക്ഷേ, ഈ ലോകത്തിന്നറിഞ്ഞുകൂടാത്തതാണ്. അവൻ മറ്റൊരു ദൈവം എന്ന പോലെ വെളിപ്പെടും; യഥാർഥത്തിലോ വേറൊരു ദൈവം ഇല്ലതാനും! എന്നാൽ, പുതിയൊരു മിന്നലാട്ടം (തജല്ലി) പുതിയൊരു രീതിയിൽ അവനെ വെളിപ്പെടുത്തും. അപ്പോൾ ആ സവിശേഷമായ മിന്നലാട്ടത്തിന്റെ പ്രഭാവായ്പിൽ, മറ്റുള്ളവർക്കൊന്നുംവേണ്ടി ചെയ്തുകാണിക്കാത്ത പുതിയൊരു വേല മാറിക്കഴിഞ്ഞ ആ മനുഷ്യനുവേണ്ടി അവൻ ചെയ്തുകാണിക്കുന്നു. അതുതന്നെയാണ് ഖാരിഖ് അഥവാ അസാധാരണമായ അത്ഭുതദൃഷ്ടാന്തം.(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 223).

വീണ്ടും ഹദ്റത്ത് മസീഹ് മൗഉദ്(അ)പറയുന്നു: പ്രതാപവനായ അല്ലാഹു തന്റെ സൃഷ്ടികളുടെ നന്മക്കുവേണ്ടി തുറന്ന ഒരേയൊരു വാതിലാണ്;അതായത് ദുആ. ഏതെങ്കിലുമൊരാൾ കരഞ്ഞു വിലപിച്ചുകൊണ്ട് ഈ വാതിലിൽ പ്രവേശിക്കുമ്പോൾ അന്തസ്സുടയവനായ നാഥൻ അവനെ പരിശുദ്ധിയുടേയും പവിത്രതയുടേയും പൊന്നാട അണിയിക്കുന്നു. തന്റെ മഹത്ത്വത്തിന്റെ പ്രതാപം അവനു എത്രമാത്രം നൽകുന്നുവെന്നാൽ അവൻ അനാവശ്യ കാര്യങ്ങളിൽ നിന്നും അനുചിത കർമങ്ങളിൽ നിന്നും ബഹുകാതം ദൂരത്ത് ഓടിമാറുന്നു. വളരെ ദൂരത്ത്, മൈലുകളോളം ദൂരത്ത് മാറുന്നു.(മൽഫൂദാത്ത് വാള്യം 5, പേജ് 438, 1984 പതിപ്പ്)

അതിനാൽ, യഥാർഥ ദുആയുടെ സവിശേഷത എന്തെന്നാൽ വൃതാവിലുള്ളതും അനാവശ്യവുമായ കാര്യങ്ങളിൽനിന്ന് അവൻ അകന്നുമാറുന്നു എന്നുള്ളതാണ്. അവന്റെ പ്രകൃതിയിൽ പരിശുദ്ധി വന്നുചേരുന്നു. അവൻ ഭൗതികലക്ഷ്യങ്ങൾക്കുവേണ്ടി മാത്രമല്ല ദുആ ചെയ്യുക. പ്രത്യുത ദീനിലും തഖ്‌വായിലും മുന്നേറുന്നതിനുവേണ്ടിയും ദുആ ചെയ്യുന്നതാണ്. ദൈവസ്നേഹം ലഭിക്കുന്നതിനുവേണ്ടി ദുആ ചെയ്യുന്നതാണ്. ഇതുതന്നെയാണ് ഒരു യഥാർഥ വിശ്വാസിയുടെ ലക്ഷണവും. ഇതുതന്നെയാണ് വിശ്വാസം പരിപക്വമാവുന്നതിന്റെയും വിശ്വാസത്തിൽ മുന്നേറുന്നതിന്റെയും അടയാളം.

ദുആയുടെ ആഴത്തെ സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: അനുഗ്രഹസിദ്ധിക്കുള്ള ഏറ്റവും അടുത്ത മാർഗം ദുആയാകുന്നു. പരിപക്വമായ ദുആക്ക് അനിവാര്യമായിട്ടുള്ള കാര്യങ്ങൾ ഇവയാകുന്നു. അതിൽ ഒരു വേദനയും അസ്വസ്ഥതയും ആർദ്രതയുമു ണ്ടായിരിക്കണം. വിനയവും ആർദ്രവും അസ്വസ്ഥഭരിതവുമായ ഹൃദയത്തിൽ നിന്നുയരുന്ന ദുആകൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചുകൊണ്ടുവരുന്നു.

അങ്ങേയറ്റം വിനയമായ രീതിയിലുള്ള വേദന ഉണ്ടാകേണ്ടതാണ്. കരഞ്ഞു കരഞ്ഞു ദുആ ചെയ്യണം. അത് യഥാർഥ ലക്ഷ്യത്തിലേക്കെത്തിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഇതും സാധ്യമല്ലെന്നതാണ് ഏറെ ക്ലേശകരം. അതുകൊണ്ട് ഈ ഒരു അവസ്ഥ ഉണ്ടാക്കിയെടുക്കാൻ അവന്റെ അനുഗ്രഹത്തിനുവേണ്ടി യാചിക്കേണ്ടതാണ്. പിന്നെ അതിനുള്ള പ്രതിവിധി ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്. എത്രതന്നെ താൽപ

ര്യമില്ലെങ്കിലും ഹൃദയസാന്നിധ്യമില്ലെങ്കിലും അത് ഒഴിവാക്കാൻ പാടില്ല. കൃത്രിമമായിട്ടാണെങ്കിലും നിർബന്ധം ചെലുത്തിക്കൊണ്ടാണെങ്കിലും അത് ചെയ്തുകൊണ്ടിരിക്കുക. ശരിയായ യഥാർഥ ദുആ ചെയ്യാൻ കഴിയുന്നതിനുവേണ്ടിയും ദുആ ചെയ്യേണ്ടത് അനിവാര്യമാണ്.

നിരന്തരം അല്ലാഹുവിന്റെ പിന്നാലെ കൂടുക. ഈയൊരു അവസ്ഥ ഉണ്ടാകുന്നതുവരെയും പിന്മാറാൻ പാടില്ല. പിന്നെ അവന്റെ അനുഗ്രഹങ്ങൾ വർഷിച്ചു തുടങ്ങുന്നതാണ്.

നിരവധിയാളുകൾ ദുആ ചെയ്യുകയും അവരുടെ മനസ്സ് നിറയുകയും ചെയ്യുന്നു. കുറച്ചു നേരം ദുആ ചെയ്തതിനുശേഷം മനസ്സ് നിറഞ്ഞുപോകുന്നു. അവർ പറയാൻ തുടങ്ങുന്നു: ഇതുകൊണ്ടൊന്നും ഒരു കാര്യവുമില്ല. എന്നാൽ, നമ്മുടെ ഉപദേശമെന്തെന്നാൽ ഈ മണ്ണ് അരിച്ചെടുക്കുന്നതിൽത്തന്നെയാണ് അനുഗ്രഹമുള്ളത്.ഇത് പ്രത്യക്ഷത്തിൽ മണ്ണ് അരിച്ചെടുക്കുന്നത് പോലെയാണ്. പക്ഷേ, ഈ മണ്ണ് അരിച്ചെടുക്കുന്നതിൽ തന്നെയാണ് അനുഗ്രഹമുള്ളത്. അവസാനം അതിൽ അനുഗ്രഹം പതിയുന്നതാണ്.കാരണം, ഒടുവിൽ ഉദ്ദിഷ്ട മുത്ത് അതിലൂടെ പുറത്തുവരുന്നതാണ്. അങ്ങനെ ഒരുനാൾ അവന്റെ ഹൃദയവും അധരവും ഒന്നിക്കുന്നതായിരിക്കും. അവന് കിട്ടേണ്ടതായിരുന്ന ഉദ്ദേശ്യം  അവസാനം അവനു കിട്ടുന്നതാണ്. അല്ലെങ്കിൽ കിട്ടണമെന്നാഗ്രഹിച്ചിരുന്നത് അത് അവന് കിട്ടുന്നതാണ്.

പറഞ്ഞു: അവന്റെ മനസ്സ് നാവുമായി ഐക്യപ്പെടുന്നു. പിന്നെ ദുആയ്ക്ക് അനിവാര്യ ഘടകങ്ങളായ വിനയവും ആർദ്രതയും സ്വയമുണ്ടാകുന്നതായിരിക്കും. അതായത്, മനസ്സ് അവന്റെ നാവിനോടു പറയുന്നത് അവന്റെ ഹൃദയാവസ്ഥയായി മാറുന്നതായിരിക്കും.  അത് രണ്ടുമൊന്നായിത്തീരുമ്പോൾ പിന്നെ ദുആക്ക് അനിവാര്യമായിട്ടുള്ള കാര്യങ്ങളും ഉരുത്തിരിഞ്ഞുവരുന്നതാണ്.രാത്രി എഴുന്നേൽക്കുന്നു. ഹൃദയസാനിധ്യമില്ലാതെയും അക്ഷമനായ അവസ്ഥയിലാണെങ്കിലും ശരി, അവൻ ആ അവസ്ഥയിലും ദുആ ചെയ്യുന്നു: ഇലാഹീ! ഹൃദയം നിന്റെ നിയന്ത്രണത്തിലാകുന്നു. നീതന്നെ അതിനെ പരിശുദ്ധമാക്കേണമേ. വളരെ ഞെരുക്കമുള്ള അവസ്ഥയിൽ അവൻ അല്ലാഹുവിൽനിന്ന് വിശാലത പ്രതീക്ഷിക്കുന്നു. അതിൽ വിശാലതയുണ്ടാകാൻ അവനാഗ്രഹിക്കുന്നു. അല്ലാഹുവിലേക്ക് കുനിയണമെന്നും അവനിലേക്ക് പ്രേരണയുണ്ടാകണമെന്നും അവന്റെ സ്നേഹം വർധിക്കണമെന്നും അവൻ ഇച്ഛിക്കുന്നു. ആ ഞെരുക്കത്തിൽനിന്ന് പിന്നീട് വിശാലതയിലേക്ക് അവൻ വരുന്നു. അതായത്, പ്രത്യക്ഷത്തിൽ മനുഷ്യന്റെ ഹൃദയത്തിലുണ്ടാകുന്ന ഞെരുക്കങ്ങൾ മാറുകയും അത് വിശാലമാവുകയും അതിലൊരു ആർദ്രത ഉണ്ടാവുകയും ചെയ്യുന്നു. ഹൃദയം വിശാലമാവുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? ദുആകളിൽ ഒരു ആർദ്രതയുണ്ടാകുക എന്നതുതന്നെയാണ്. അവനു കരച്ചിൽ വരുന്നു. ഈ സമയം തന്നെയാണ് സ്വീകാര്യതയുടെ നിമിഷം എന്ന് പറയപ്പെടുന്നത്. ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകുമ്പോൾ അറിയുക, അത് സ്വീകാര്യതയുടെ സമയമാകുന്നു. അപ്പോൾ ആത്മാവ് ദൈവസവിധത്തിൽ വെള്ളംപോലെ ഒഴുകുന്നതായി അവനു അനുഭവപ്പെടുന്നതായിരിക്കും. അതായത്, ആ ഒരു ജലകണിക മേലെനിന്ന് താഴേക്ക് വീഴുമാറാകുന്നു.(മൽഫൂദാത്ത് വാള്യം 6, പേജ് 93-94,1984 പതിപ്പ്)

ഈ ഒരവസ്ഥ ഉണ്ടാകുമ്പോൾ അത് ദുആ സ്വീകാര്യതയുടെ സമയമാണെന്ന് അവനു സ്വയമേവ ബോധ്യപ്പെടുന്നതായിരിക്കും. ഇനി അല്ലാഹു എന്താണോ ചെയ്യുന്നത്, അതു തന്നെയായിരിക്കും തനിക്ക് നല്ലതെന്ന് അവൻ മനസിലാക്കുന്നു. അല്ലാതെ താൻ പറഞ്ഞതുതന്നെ ആകണമെന്നല്ല പറയുന്നത്. പ്രത്യുത അവന് അതിൽ ഒരു ദൃഢബോധ്യം കൈവരുന്നു. ആ ഒരു വേദനാനിർഭരമായ അവസ്ഥക്കു ശേഷം, അല്ലാഹു ഈ ദുആക്കു ശേഷം അതിന്റെ പരിണിതിയിൽ തനിക്കുവേണ്ടി എന്ത് ചെയ്യുകയാണെങ്കിലും അതാണ് തനിക്ക് ഏറ്റവും ഉചിതമായതെന്ന സംതൃപ്തി അവനു കിട്ടുന്നു. ഈ വിശ്വാസം വർധിക്കുന്നു. ഒരു പരാതിയും മനസിൽ ഉണ്ടാകുന്നില്ല. ഈ ഒരവസ്ഥ നമുക്കും നമ്മുടെ ഉള്ളിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി നമ്മൾ ആത്മപരിശോധന നടത്തുകയും വേണം.

പിന്നീട് ഇതിന് കൂടുതൽ വിശദീകരണം നല്കിക്കൊണ്ട് ആ മഹാത്മാവ് പറയുന്നു: ദുആ എല്ലാ പ്രയാസങ്ങളെയും എളുപ്പമുള്ളതാക്കുന്നു. ദുആ മുഖേന എത്ര പ്രയാസകരമായ കാര്യവും എളുപ്പമുള്ളതായിത്തീരുന്നു. ആളുകൾക്ക് ദുആയുടെ വിലയും നിലയും മനസിലായിട്ടില്ല. അവർ വളരെ വേഗം നിരാശരും ഹതാശരുമായി മാറുന്നു. വാസ്തവത്തിൽ, ദുആ ഒരു സ്ഥൈര്യവും നൈരന്തര്യവും ആഗ്രഹിക്കുന്നുണ്ട്. മനുഷ്യൻ പൂർണ്ണ ശുഭാപ്തിവിശ്വാസത്തോടെ അതിൽ മുഴുകുകയാണെങ്കിൽ ഒരു ദുസ്വഭാവം മാത്രമല്ല ആയിരക്കണക്കിന് ദുസ്വഭാവങ്ങൾ അല്ലാഹു അകറ്റുന്നതാണ്. അവനെ പരിപക്വതയുള്ള വിശ്വാസിയായി മാറ്റുന്നതാണ്. പക്ഷേ, ആത്മാർഥതയും അത്യാധ്വാനവുമാണ് അതിനുള്ള നിബന്ധന. അത് ദുആ മുഖേനത്തന്നെയാണ് ഉണ്ടാവുക.(മൽഫൂദാത്ത് വാള്യം 6, പേജ് 404, 1984 പതിപ്പ്)

അതായത്, ആത്മാർഥതയും അത്യാധ്വാനവും നിരന്തരമായ പരിശ്രമവും വേണം. ഇതാണ് നിബന്ധന. അത് ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. അതിനുവേണ്ടി നമ്മുടെ മനസ്സുകളെ ചികഞ്ഞുനോക്കേണ്ട ആവശ്യമുണ്ട്. ഈ ആത്മാർഥതയുടെയും അത്യാധ്വാനത്തിന്റെയും അവസ്ഥ നമ്മളിൽ ഉണ്ടായിട്ടുണ്ടോ, അതുണ്ടാക്കാൻ നമ്മൾ പരിശ്രമിക്കുന്നുണ്ടോ? മുജാഹിദ അഥവാ അത്യാധ്വാനം എന്നതിന്റെ വിവക്ഷിതംതന്നെ തുടർച്ചയായി പരിശ്രമിക്കുക എന്നും ക്ഷീണിച്ചു പോവാതിരിക്കുക എന്നുമാകുന്നു. ഭൗതിക കാര്യങ്ങളിൽ പരിശ്രമിക്കുമ്പോൾ നമ്മൾ ക്ഷീണിക്കുന്നില്ല എന്നിരിക്കെ ദൈവസാമീപ്യം പ്രാപിക്കുന്ന കാര്യത്തിൽ എന്തിനാണ് ക്ഷീണിക്കുന്നത്?

ഇതിന്റെ തത്ത്വം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: മനുഷ്യൻ ഇഹലോക ജീവിതത്തെ വളരെ മോശമാണെന്ന് മനസിലാക്കിക്കൊണ്ട് അതിൽ നിന്നു പുറത്തുവരാൻ ശ്രമിക്കുകയും ദുആ ചെയ്യുകയും വേണം. അങ്ങനെ അവൻ ഉപായങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുമ്പോൾ, സത്യസന്ധമായ രീതിയിൽ ദുആകൾ ചെയ്യുമ്പോൾ അല്ലാഹു അവസാനം അവന് മോക്ഷം നൽകുന്നു. അവൻ പാപപങ്കിലമായ ജീവിതത്തിൽനിന്ന് പുറത്തു വരുന്നു. കാരണം, ദുആ ഒരു നിസാര സംഗതിയല്ല. മറിച്ചു, അതും ഒരു മരണം തന്നെയാകുന്നു. ഈ മരണത്തെ ഒരാൾ വരിക്കുമ്പോൾ അല്ലാഹു അവനെ മരണത്തിന് കാരണമായ കുറ്റവാളികളുടേതായ ജീവിതത്തിൽ നിന്നു രക്ഷിക്കുന്നു. അവന് ഒരു പരിശുദ്ധ ജീവിതം നൽകുന്നു. കുറ്റവാളികളുടേതായ ജീവിതവും ഒരു മരണം തന്നെയാണ്. അതിനുള്ള ശിക്ഷകൾ കിട്ടുകതന്നെ ചെയ്യും. ചിലപ്പോൾ, ഈ ലോകത്തുതന്നെ കിട്ടുന്നു. ചുരുക്കത്തിൽ അല്ലാഹു അതിൽ നിന്ന് അവനെ രക്ഷിക്കുന്നു. പറയുന്നു: പല ആളുകളും ദുആ വളരെ നിസാരമായ ഒന്നായി ഗണിക്കുന്നു. ഓർക്കുക! സാധാരണഗതിയിൽ നമസ്കരിച്ചു കൈയുയർത്തി വായിൽ വരുന്നതെല്ലാം പറയുന്നതിന്റെ പേരല്ല ദുആ എന്നത്. ഈ ദുആ കൊണ്ട് ഒരു പ്രയോജനവുമില്ല. കാരണം, ഈ ദുആ ഒരു മന്ത്രം പോലെ മാത്രമാകുന്നു; ചില മതവിശ്വാസികൾ ചൊല്ലുന്ന മന്ത്രങ്ങൾ പോലെ. ഈ മന്ത്രത്തിൽ ഹൃദയം അതിൽ ഭാഗഭാക്കാകുന്നില്ല. അല്ലാഹുവിന്റെ ശക്തികളെയും കഴിവുകളെയും കുറിച്ച് വിശ്വാസവുമുണ്ടാകുന്നില്ല. അത് മനസിൽനിന്നുയരുന്ന ശബ്ദവുമല്ല. അല്ലാഹു സകല ശക്തികളുടെയും കഴിവുകളുടെയും അധിപനാണെന്ന് വെളിപ്പെടുന്നുമില്ല.

ഓർക്കുക! ദുആ ഒരു മരണമാകുന്നു. മരണസമയത്തുണ്ടാകുന്ന വെപ്രാളവും അസ്വസ്ഥതയും പോലെത്തന്നെ ദുആ ചെയ്യുമ്പോഴും ഒരു അസ്വസ്ഥതയും ആവേശവുമുണ്ടാവേണ്ടത് അനിവാര്യമാണ്. ആയതിനാൽ, ദുആയുടെ കാര്യത്തിൽ വളരെ അസ്വസ്ഥതയും ആർദ്രതയും ഉണ്ടാകത്തിടത്തോളം കാര്യം നടക്കുന്നതല്ല. അതുകൊണ്ട് രാത്രികളിലെഴുന്നേറ്റ് വളരെ വിനയനായി കരഞ്ഞു വിലപിച്ചുകൊണ്ട് ദൈവസവിധത്തിൽ തന്റെ പ്രയാസങ്ങൾ അവതരിപ്പിക്കുക. മരണത്തിന്റെ അവസ്ഥവരെ കൊണ്ടെത്തിക്കുക. ആ സമയത്ത് സ്വീകാര്യതയുടെ അവസ്ഥയിൽ ദുആ എത്തുന്നതായിരിക്കും. പറഞ്ഞു: ഓർക്കുക, ഏറ്റവും പ്രഥമവും പ്രധാനവുമായ ദുആ, മനുഷ്യൻ തന്നെ തിന്മകളിൽനിന്ന് പരിശുദ്ധനാക്കുന്നതിനുവേണ്ടി ദുആ ചെയ്യുക എന്നുള്ളതാണ്.

ഇത് വളരെ പ്രധാനപ്പെട്ട സംഗതിയാകുന്നു. ആദ്യത്തെ ദുആ നമ്മൾ തിന്മകളിൽനിന്ന് പരിശുദ്ധനാകാൻ ദുആ ചെയ്യണമെന്നതാണ്. എല്ലാ ദുആകളുടെയും അടിത്തറയും സാരാംശവും തായ്‌വേരും ഇതു തന്നെയാകുന്നു.

അദ്ദേഹം പറഞ്ഞു:എല്ലാ ദുആകളുടെയും അടിത്തറയും സാരാംശവും തായ്‌വേരും ഇതു തന്നെയാകുന്നു. ഈ ദുആ സ്വീകരിക്കപെടുകയാണെങ്കിൽ മനുഷ്യൻ സകല മാലിന്യങ്ങളിൽനിന്നും വൃത്തികേടുകളിൽനിന്നും പരിശുദ്ധനായി ദൈവദൃഷ്ടിയിൽ പരിശുദ്ധനായി മാറുന്നതാണ്. ഇതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ സ്വയം പരിശുദ്ധനാണെന്ന് കരുതിയാൽ പോരാ. അല്ലാഹുവിന്റെ ദൃഷ്ടിയിൽ പരിശുദ്ധനാകണം. അതുവരെയും ദുആ ചെയ്യണം. അല്ലാഹു തന്നെ പരിശുദ്ധനാക്കിയെന്നും അവന്റെ ദൃഷ്ടിയിൽ പരിശുദ്ധനായെന്നുമുള്ള തൃപ്തി വരുന്നതുവരെയും

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ദുആ ചെയ്തുകൊണ്ടിരിക്കണം. ഇതിന്റെ വിവക്ഷിതം എന്തെന്നാൽ പിന്നെ വീണ്ടും തിന്മകളെ സംബന്ധിച്ചു ചിന്ത വരാൻ പാടില്ല. പിന്നെ അവന്റെ ആവശ്യത്തിനുള്ള മറ്റു ദുആകൾ അവന് ചെയ്യേണ്ടതായിപ്പോലും വരുന്നതല്ല. അതെല്ലാം സ്വയം സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഈ ഒരു അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹുവും സൗഹൃദത്തിന്റെ കടമ നിറവേറ്റുന്നു. അവന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നു. അവിടന്ന് പറഞ്ഞു: തിന്മകളിൽനിന്ന് പരിശുദ്ധനാകാനുള്ള ദുആ വളരെ പ്രയാസകരവും പരിശ്രമം ആവശ്യമുള്ളതുമാണ്. ഇത് ഒരു നിസാര ദുആയല്ല. തിന്മകളിൽനിന്ന് പരിശുദ്ധനാകാനും ദൈവദൃഷ്ടിയിൽ മുത്തഖിയും വരിഷ്ഠനും ആയിത്തീരാനുള്ള ദുആ വളരെ വലിയ ദുആയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിലാണ് മുത്തഖിയും വരിഷ്ഠനുമാകേണ്ടത്. അല്ലാതെ സ്വയം മനസിലാക്കിയാൽ മാത്രം പോരാ. അതായത്, ആരംഭത്തിൽ മനുഷ്യഹൃദയത്തിലുണ്ടാകുന്ന മറകൾ അകന്നു പോകേണ്ടത് അനിവാര്യമാണ്. ഇതു അകന്നു പോവുകയാണെങ്കിൽ മറ്റു മറകളെ അകറ്റുന്നതിനുവേണ്ടി അത്രതന്നെ അധ്വാനവും പരിശ്രമവും ആവശ്യമായി വരുന്നതല്ല. കാരണം, അല്ലാഹുവിന്റെ അനുഗ്രഹം അവനോടൊപ്പം ചേർന്ന് ആയിരക്കണക്കിന് തിന്മകളെ സ്വയം അകറ്റുന്നതാണ്. ഉള്ളിൽ പരിശുദ്ധിയും പവിത്രതയും ഉണ്ടാക്കുകയും അല്ലാഹുവുമായി സത്യസന്ധമായ ബന്ധമുണ്ടാക്കുകയും ചെയ്യുമ്പോൾ അല്ലാഹു താൻതന്നെ അവന്റെ സംരക്ഷകനും രക്ഷാധികാരിയും ആയിത്തീരുന്നു. അവൻ എന്തെങ്കിലും കാര്യത്തിനുവേണ്ടി അല്ലാഹുവിനോട് ചോദിക്കുന്നതിനുമുമ്പേ അല്ലാഹു അവനുവേണ്ടി അത് പൂർത്തിയാക്കി കൊടുക്കുന്നു; അത് ഭൗതികാവശ്യങ്ങളാണെങ്കിലും ശരി, അതും പൂർത്തിയാക്കുന്നതാണ്. ഇതു വളരെ സൂക്ഷ്മമായ തത്ത്വരഹസ്യമാണ്. ഈ ഒരു അവസ്ഥയിലെത്തുമ്പോഴാണ് അത് ഒരാൾക്ക് മനസിലാക്കാൻ കഴിയുന്നത്.അതിനുമുമ്പേ അതേകുറിച്ചു മനസിലാക്കാൻ പ്രയാസമാണ്. പക്ഷേ, ഇത് ഒരു വലിയ മഹത്തായ മുജാഹിദ അഥവാ അത്യാധ്വാനമാകുന്നു. കാരണം, ദുആക്ക് ഒരു അത്യാധ്വാനവും ആവശ്യമായിട്ടുണ്ട്. ദുആയുടെ കാര്യത്തിൽ അലസത കാണിക്കുകയും അതിൽ നിന്ന് അകലുകയും ചെയ്യുന്നവനെ അല്ലാഹുവും പരിഗണിക്കുന്നില്ല. അല്ലാഹു അവനിൽനിന്നകലുകയും ചെയ്യുന്നു. ധിറുതിയും തിടുക്കവും ഇവിടെ പ്രയോജനപ്പെടുന്നതല്ല. അല്ലാഹു തന്റെ അനുഗ്രഹം മുഖേന താനിച്ഛിക്കുന്നത് താനിച്ഛിക്കുന്ന സമയത്ത് നൽകുന്നതാണ്. ഇച്ഛിക്കുന്നത്, ഇച്ഛിക്കുന്ന സമയത്ത് നൽകുന്നുവെന്ന കാര്യം എപ്പോഴും ഓർമയിലുണ്ടായിരിക്കണം. ചോദിക്കുന്നവൻ പെട്ടെന്ന് കിട്ടിയില്ലല്ലോ എന്നതിൽ പരാതിയുള്ളവനും തെറ്റായി ധരിക്കുന്നവനും ആയിത്തീരരുത്. പ്രത്യുത സ്ഥായിയായ സഹനത്തോടെ അവനോട് ചോദിച്ചുകൊണ്ടേപോകണം.(മൽഫൂദാത്ത് വാള്യം 6, പേജ് 406-407, 1984 പതിപ്പ്)

സ്ഥായീഭാവം ഉണ്ടാവേണ്ടത് നിബന്ധനയാണ്. ഏറ്റവും പൊതുവായ ദുആ സ്വയം പരിശുദ്ധി ആർജിക്കാൻ വേണ്ടിയുള്ളതായിരിക്കണം. അതായത്, ദൈവദൃഷ്ടിയിൽ പരിശുദ്ധി കൈവരിക്കാനുള്ളതാകണം.

ദുആ സ്വീകര്യതയ്ക്ക് ആവശ്യമായ അവസ്ഥ എന്താണെന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: ദുആയുടെ ഉള്ളിൽ സ്വീകാര്യതയുടെ പ്രഭാവമുണ്ടാകുന്നത് അത് അതിന്റെ പാരമ്യത്തിൽ അസ്വസ്ഥഭരിതമായിത്തീരുമ്പോഴാണ്.

അങ്ങേയറ്റത്തെ അസ്വസ്ഥഭരിതമായ അവസ്ഥ ഉണ്ടായിത്തീരുമ്പോൾ അല്ലാഹുവിൽനിന്ന് സ്വീകാര്യതയുടെ പ്രഭാവങ്ങളും സാഹചര്യങ്ങളുമുണ്ടാകുന്നു. ആദ്യം വാനലോകത്താണ് അതുണ്ടാകുന്നത്. പിന്നെ ഭൂമിയിൽ അതിന്റെ പ്രഭാവം വെളിപ്പെടുന്നു. അല്ലാഹു ദുആ സ്വീകരിക്കുമ്പോൾ അവിടെനിന്ന് അതിനുള്ള ഉത്തരവിറക്കുന്നു. പിന്നെ അതിന്റെ പ്രഭാവങ്ങൾ ഭൂമിയിൽ വന്നു തുടങ്ങുന്നു. ഇതൊരു നിസ്സാര സംഗതിയല്ല. മറിച്ചു, ഒരു മഹത്തായ യാഥാർഥ്യമാകുന്നു. മാത്രമല്ല, യാഥാർഥ്യമെന്തെന്നാൽ, അല്ലാഹുവിന്റെ പ്രഭാവം കാണാൻ ആഗ്രഹിക്കുന്നവർ ദുആകൾ ചെയ്യട്ടെ.(മൽഫൂദാത്ത് വാള്യം 6, പേജ് 408-409, 1984 പതിപ്പ്)

ചിലയാളുകൾ അല്ലാഹു ഒരു തീരുമാനം എടുത്തിരിക്കുന്നു, എന്തൊക്കെയാണ് ഉണ്ടാകേണ്ടതെന്ന് അവന്റെ അറിവിൽ ഉള്ളതുമാണ്, പിന്നെ ദുആ ചെയ്യേണ്ട ആവശ്യമെന്താണ്? എന്ന് ചോദിക്കുന്നു.

അവിടന്ന് ഒരു സ്ഥലത്ത് പറയുന്നു: ദുആയുടെ കൈകാര്യകർതൃത്ത്വം സ്വന്തം കൈയിലാണെങ്കിൽ മനുഷ്യൻ അവന് ഇഷ്ടമുള്ളതെല്ലാം ചെയ്യുമായിരുന്നു. അതുകൊണ്ടുതന്നെ, ഇന്ന സുഹൃത്തിന്റെ അല്ലെങ്കിൽ ബന്ധുവിന്റെ കാര്യത്തിൽ ഇന്നകാര്യം തീർച്ചയായും സംഭവിക്കുമെന്ന് നമുക്ക് പറയാൻ കഴിയില്ല. അത് നമ്മുടെ അധികാരത്തിൽപ്പെട്ടതല്ല. അതെങ്ങനെ സ്വീകരിക്കണമെന്നത് അല്ലാഹുവിന്റെ ഇഷ്ടമാണ്. ചില സമയത്ത് വളരെ അനിവാര്യമായി തോന്നുമെങ്കിലും ദുആ സ്വീകരിക്കപ്പെടുന്നില്ല. ദുആക്കുവേണ്ടി പറയുകയും വളരെ ആവശ്യമായി അനുഭവപ്പെടുകയും ചെയ്യുന്നുവെങ്കിലും മനസ്സിനുള്ളിൽ ആ ഒരു അവസ്ഥ ഉണ്ടാകുന്നില്ല. ഹൃദയം കഠിനതരമായിരിക്കും. ഇതിന്റെ തത്ത്വരഹസ്യം അറിയാത്തതുകൊണ്ട് ചിലയാളുകൾ വഴി തെറ്റുന്നു. ദുആ ചെയ്യേണ്ട ആവശ്യമെന്താണെന്ന് ചോദിക്കുന്നു. അതിലൊരു സംശയമുടലെടുക്കുന്നു. ഇതെല്ലാം തലയിലെഴുത്താണ്. അതായത്, വിധിയാണെന്ന് മനസിലാക്കുന്നു. ഇതാണ് നമുക്ക് വിധിക്കപ്പെട്ടതെങ്കിൽ ദുആ ചെയ്യേണ്ടതും പരിശ്രമിക്കേണ്ടതും എന്തിനാണെന്ന് ചോദിക്കുന്നു. അതിനുള്ള മറുപടി ഇതാകുന്നു. അല്ലാഹുവിന്റെ അറിവിൽ എല്ലാ കാര്യങ്ങളുമുണ്ട്. അത് സംഭവിക്കുമെന്ന് തീർച്ചയായും അല്ലാഹുവിന്നറിയാം. അതുകൊണ്ട്, ആ കാര്യം തീർച്ചയായും നടത്തണമെന്നത് അല്ലാഹുവിനെ സംബന്ധിച്ചു നിർബന്ധമുള്ള കാര്യമല്ല. അറിവിൽ ഉണ്ടായിരിക്കുക എന്നത് അവൻ അല്ലാഹുവിന്റെ കഴിവിന് അതീതമാണെന്നോ അത് അങ്ങനെത്തന്നെ സംഭവിക്കണമെന്നോ ഉള്ള കാര്യത്തിന് തെളിവല്ല. സംഭവിക്കാനുള്ളതെല്ലാം സംഭവിക്കുമെന്നും നമ്മുടെ പരിശ്രമവും അധ്വാനവും അനാവശ്യമാണെന്നും കരുതുന്നവരുണ്ട്. അതിനെ ഒരു ഭൗതിക ഉദാഹരണത്തിലൂടെ ആ മഹാത്മാവ് ഇങ്ങനെ പറയുന്നു: തലവേദന ഉണ്ടാകുമ്പോൾ എന്തിനാണ് ചികിത്സിക്കാൻ പോകുന്നത് കുറച്ചു സമയം കഴിയുമ്പോൾ അതിന് ശമനമുണ്ടാകുകയോ അതല്ലെങ്കിൽ അതങ്ങനെ തുടരുകയോ ചെയ്യുമല്ലോ. പിന്നെ മരുന്ന് കഴിക്കേണ്ട ആവശ്യമെന്താണ്? ദാഹിക്കുമ്പോൾ തണുത്തവെള്ളം എന്തിനു കുടിക്കണം? ഒരു സമയമെത്തുമ്പോൾ ചിലയാളുകൾക്ക് തനിയെ ദാഹം മാറുന്നു. പക്ഷേ, എന്നിട്ടും ഉടൻതന്നെ വെള്ളം കുടിക്കുന്നു. എല്ലാവരുടെയും ദാഹം ഉടനെ മാറിക്കൊള്ളണമെന്നില്ല. ദാഹം കാരണം ആളുകൾ മരിക്കാനും സാധ്യതയുണ്ട്. എന്നിരിക്കെ ദാഹം മാറ്റാൻ എന്തിനാണ് തണുത്ത വെള്ളം കുടിക്കുന്നത്? കാര്യമെന്തെന്നാൽ, മനുഷ്യൻ പ്രതികരിക്കുമ്പോൾ അതിന്റെ പ്രതിഫലനവുമുണ്ടാകുന്നു. പരിശ്രമിക്കുകയും അധ്വാനിക്കുകയും ദുആ ചെയ്യുകയുമാണെങ്കിൽ, അതിന്റെ പരിണിതഫലവും വെളിപ്പെടുന്നു. അതല്ലാതെ, അല്ലാഹുവിന്റെ അറിവിൽ ഇതുണ്ട്, അതിങ്ങനെയാകും എന്നൊക്കെയുള്ളത് നിർബന്ധമുള്ള കാര്യമല്ല. അവൻ തന്റെ വിധികൾ ദുആകൾ കാരണം മാറ്റുകയും ചെയ്തേക്കാം. ജീവച്ഛവമായ ഒരു രോഗിയെ സംബന്ധിച്ചു ഡോക്ടർ മരിക്കാറായെന്ന് പറയുന്നു. പക്ഷേ, ദുആകൾ മുഖേന അയാൾക്ക് ഒൻപതോ പത്തോ വർഷം ജീവിതം ലഭിക്കുന്നു. ഇവിടെ അല്ലാഹു തന്റെ വിധിയിൽ മാറ്റം വരുത്തുന്നു. എല്ലാ മനുഷ്യനും മരിക്കണമെന്നത് ശരിയാണ്. പക്ഷേ, അയാൾക്ക് അല്ലാഹു നീണ്ട ആരോഗ്യകരമായ ജീവിതം നൽകുന്നു. ദുആ വളരെ നല്ല ഒരു സംഗതിയാകുന്നു. അത് പാപപ്പൊറുതിക്ക് നിദാനമാകാനും മതി.

അതൊന്നും അല്ലെങ്കിൽപ്പോലും അത് പാപപ്പൊറുതിക്ക് കാരണമായിത്തീരുന്നു. ആവശ്യപ്പെടുന്ന കാര്യം ദുആ മുഖേന സാധ്യമായില്ലെങ്കിൽകൂടി അല്ലാഹു അതിനെ അഥവാ ദുആയെ സംരക്ഷിക്കുകയും ഈ ലോകത്തോ പരലോകത്തോ അയാൾക്ക് പാപപ്പൊറുതിക്കുള്ള മാർഗമാക്കുകയും ചെയ്യുന്നു. അയാൾക്കുവേണ്ടി എളുപ്പമുണ്ടാവുന്നതിനും പാപപ്പൊറുതിക്കും അതിനെ നിമിത്തമാക്കുകയും ചെയ്യുന്നു. അതുമുഖേന പതിയെപ്പതിയെ അല്ലാഹു ഔദാര്യവാനായിത്തീരുന്നു. പിന്നെ അല്ലാഹുവിന്റെ ഔദാര്യങ്ങളും ആരംഭിക്കുന്നു. പാപപ്പൊറുതിയുടെ അനുഗ്രഹങ്ങൾ ഈ ലോകത്ത് നല്കപ്പെട്ടു തുടങ്ങുമ്പോൾ പിന്നെ


THE WEEKLY
AL HAKAM
www.alhakam.org

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

അല്ലാഹുവിന്റെ ഔദാര്യത്തിന്റെ പ്രഭാവങ്ങളും അവൻ കാണാൻ തുടങ്ങുന്നു. ദുആ ചെയ്യാതിരിക്കുന്നതിനെ സംബന്ധിച്ചു അദ്ദേഹം പറയുന്നു: ദുആ ചെയ്യാതിരിക്കുമ്പോൾ ആദ്യം മനസിൽ ക്ലാവ് പിടിക്കുന്നു. മനസ്സിലുണ്ടാകുന്ന ഈ ക്ലാവ് കാരണം പിന്നെ കുഴപ്പങ്ങൾ ഉടലെടുക്കുന്നു. മനസ്സ് കഠിനതരമായിത്തീരുന്നു. പിന്നെ ദുആയുടെ ആവശ്യമെന്തെന്ന് പറഞ്ഞു അവൻ ദൂരെമാറിപ്പോകുന്നു. തുടർന്ന് അല്ലാഹുവിനോട് അപരിചിതത്വവും അല്ലാഹുവിൽനിന്ന് അകൽച്ചയും അല്ലാഹുവിനെ അന്യനാണെന്ന് മനസിലാക്കുകയും ഒരു വിരോധഭാവം ഉണ്ടാകുകയും തുടർന്ന് അതിന്റെ ഫലമായി വിശ്വാസം മരവിക്കുകയും ചെയ്യുന്നു.(മൽഫൂദാത്ത് വാല്യം 6, പേജ്422-423, 1984 പതിപ്പ്).

ഒടുവിൽ അല്ലാഹുവിലുള്ള വിശ്വാസംതന്നെ നഷ്ടമാവുകയും ചെയ്യുന്നു.

ഈ വ്യത്യസ്ത അവസ്ഥകളുണ്ടാകുന്നത് ദുആ ചെയ്യാത്തതുകൊണ്ടാണ്. ക്രമാനുഗതമായി ആദ്യം മനസ്സിൽ ക്ലാവ് പിടിക്കുകയും പിന്നെ അത് കട്ടിയായിത്തീരുകയും തുടർന്ന് നിരീശ്വരത്വമുണ്ടാവുകയും ചെയ്യുന്നു. അതെ തുടർന്ന് വിദ്വേഷത്തിലും ശത്രുതയിലും മുന്നോട്ട് ഗമിക്കുന്നു. മനുഷ്യനുള്ളിൽ വിശ്വാസത്തെ നഷ്ടപ്പെടുത്തുന്ന ചിന്താഗതികളുണ്ടാവുകയും അവൻ നിരീശ്വരത്വത്തിലേക്ക് പോവുകയും ചെയ്യുന്നു. അതുകൊണ്ട്, ദുആകളിലേക്ക് വരേണ്ടത് അനിവാര്യമാണ്. വിശ്വാസം നഷ്ടമായാൽ പിന്നെ മനുഷ്യന്റെ ഇഹലോകവും പരലോകവും നഷ്ടപ്പെട്ടുപോകുന്നതാണ്.

ഏതു തരത്തിലുള്ള ദുആയാണ് ഇസ്‌ലാമിന്റെ അഭിമാനം എന്നതിനെ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:ദുആ ഇസ്‌ലാമിന്റെ ഒരു പ്രത്യേക അഭിമാനമാകുന്നു. മുസ്‌ലിമീങ്ങൾക്ക് അതിൽ വലിയ അഭിമാനവുമുണ്ട്. പക്ഷേ, ഓർക്കുക, ദുആ എന്നത് അധരവ്യായാമത്തിന്റെ പേരല്ല. മറിച്ചു, അത് മുഖേന ഹൃദയം ദൈവഭയത്താൽ നിറയുന്നു. ദുആ ചെയ്യുന്ന ആളുടെ ആത്മാവ് വെള്ളം കണക്കെ ദൈവസവിധത്തിൽ ഒഴുകുന്നു. തന്റെ ദൗർബല്യങ്ങൾക്കും ഇടർച്ചകൾക്കും ശക്തിയും കഴിവുമുള്ള അല്ലാഹുവിൽ നിന്നു ശക്തിയും കഴിവും പാപപ്പൊറുതിയും തേടുന്നു. ഈ അവസ്ഥയെ മറ്റു വാക്കുകളിൽ മരണമെന്ന് പറയാവുന്നതാണ്. ഈ ഒരു അവസ്ഥ ഉണ്ടാകുകയാണെങ്കിൽ ഉറപ്പായും അറിഞ്ഞുകൊള്ളുക. ദുആ സ്വീകാര്യതയുടെ കവാടങ്ങൾ അയാൾക്കുവേണ്ടി തുറക്കപ്പെടുമാറാകുന്നു. പ്രത്യേകമായ ശക്തിയും അനുഗ്രഹവും തിന്മകളിൽനിന്നു മോചനത്തിനുള്ള സ്ഥൈര്യവും, നന്മകളിൽ സ്ഥായീഭാവവും കരസ്ഥമാകുന്നു. ഈ മാർഗം എല്ലാത്തിനേക്കാളും ശക്തമായ ഒന്നാണ്. പക്ഷേ, വളരെ പ്രയാസകരമെന്ന് പറയുന്നത് ജനങ്ങൾ ദുആയുടെ യഥാർഥ്യത്തെയും അവസ്ഥയെയും സംബന്ധിച്ചു ബോധവാന്മാരല്ല. അതുകൊണ്ടുതന്നെ, ഇക്കാലത്ത് വളരെയധികം ആളുകൾ അതിനെ നിരാകരിക്കുന്നവരാണ്. കാരണം, അവർക്ക് അതിന്റെ പ്രഭവങ്ങളെക്കുറിച്ച് അറിയുന്നില്ല. നിഷേധിക്കാനുള്ള ഒരു കാരണമായി അവർ പറയുന്നത് സംഭവിക്കാനുള്ളതെല്ലാം സംഭവിക്കുമെന്നും അതാണ് വിധിയെന്നുമാണ്. ഇനി ദുആയുടെ ആവശ്യമെന്തെന്നും ചോദിക്കുന്നു. പക്ഷേ, നല്ലപോലെ ഓർക്കുക. ഇതു തികച്ചും അവരുടെ ഒഴികഴിവുകളാണ്. കാരണം, ദുആയുടെ അനുഭവം അവർക്കില്ല. അതിന്റെ വിശദാംശങ്ങളെക്കുറിച്ചു അവർ അറിഞ്ഞിട്ടുമില്ല. അതുകൊണ്ടാണ് അവർ ഇങ്ങനെ പറയുന്നത്. അവർ ഈ കാര്യങ്ങളിൽ മാത്രം പൂർണമായും അർപ്പണം ചെയ്യുന്നവരാണെങ്കിൽ പിന്നെ അസുഖമുണ്ടാകുമ്പോൾ എന്തിനാണ് ചികിത്സിക്കുന്നത്? വ്യത്യസ്ത വസ്തുക്കളിൽ പ്രഭാവമുണ്ടെങ്കിൽ ആത്മീയലോകത്ത് അത് ഇല്ലാതാകുന്നതിന് എന്താണ് കാരണം. ഇവയിൽ ദുആ ഒരു വലിയ ശക്തമായ കാര്യമാകുന്നു.(മൽഫൂദാത്ത് വാല്യം 7, പേജ് 263-264 1984 പതിപ്പ്)

അതിനാൽ, ദുആയിൽ സ്വാധീനങ്ങളുണ്ട്. പക്ഷേ, അവർ അല്ലാഹുവിന്റെ കൽപ്പനകൾ പ്രാവർത്തികമാക്കുന്നവരായിരിക്കണം. അവർ അല്ലാഹുവിനോടും അടിയാറുകളോടുമുള്ള കടമകൾ നിറവേറ്റുന്നവരാകണം. സ്ഥായീഭാവത്തോടെ ദുആ ചെയ്യുന്നവരാകണം. അല്ലാഹു ചെയ്യാൻ കൽപ്പിച്ചത് ചെയ്യുന്നവരും വിലക്കിയതിൽ നിന്നു വിട്ടു നിൽക്കുന്നവരുമാകണം. വിശ്വാസത്തിൽ അൽപ്പംപോലും ചാഞ്ചല്യമുണ്ടാകാൻ പാടില്ല. മറിച്ചു, വിശ്വാസത്തിൽ മുന്നേറുന്നവരാകണം. പിന്നെ, ഈ അവസ്ഥയും ഉണ്ടാകുന്നതായിരിക്കും.

പിന്നീട് സ്ഥായീഭാവത്തോടെ ദുആ ചെയ്യണമെന്ന് ഉപദേശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ദുആ ചെയ്യുന്ന സമയത്ത് താൽപര്യമില്ലായ്മയും അസ്വസ്ഥതയുമുള്ള നിലയിലാകാൻ പാടില്ല. വേഗം ക്ഷീണിച്ചു മാറിയിരിക്കരുത്. ദുആ അതിന്റെ പൂർണമായ സ്വാധീനം കാണിക്കുന്നതുവരെയും മാറാൻ പാടില്ല. ക്ഷീണിക്കുകയും അസ്വസ്ഥത കാണിക്കുകയും ചെയ്യുന്നവർ അബദ്ധം കാണിക്കുന്നവരാണ്. ഇത് ഒഴിവാക്കപ്പെടുന്നതിന്റെ അടയാളമാകുന്നു. എന്റെ വീക്ഷണത്തിൽ ദുആ വളരെ നല്ല കാര്യമാകുന്നു. ഞാൻ എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയട്ടെ. ഇത് സാങ്കൽപിക കാര്യമല്ല. ആസൂത്രണങ്ങൾ മുഖേന പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ അല്ലാഹു ദുആ മുഖേന എളുപ്പമുള്ളതാക്കി തീർക്കുന്നു. ഞാൻ സത്യമായും പറയുന്നു. ദുആ വളരെ ശക്തമായ സ്വാധീനമുള്ള ഒന്നാകുന്നു.

രോഗങ്ങളിൽ നിന്ന് ഇതുമുഖേന ശമനം ലഭിക്കുന്നു. ഭൗതികമായ ഞെരുക്കങ്ങളും പ്രയാസങ്ങളും ഇതുമുഖേന അകലുന്നു. ശത്രുക്കളുടെ ഗൂഢപദ്ധതികളിൽനിന്നു അത് രക്ഷിക്കുന്നു. ദുആ കൊണ്ട് കിട്ടാത്തതായി ഒന്നുമില്ല. ഏറ്റവും ആദ്യം അത് മനുഷ്യനെ ശുദ്ധീകരിക്കുന്നു. അതുതന്നെയാണ് ഒരു മനുഷ്യന്റെ, വിശ്വാസിയുടെ, ആരാധകന്റെ യഥാർഥ ലക്ഷ്യമാകേണ്ടതും. അത് അല്ലാഹുവിൽ ജീവൽ വിശ്വാസമുണ്ടാക്കുന്നു. പാപങ്ങളിൽ നിന്നു മോക്ഷം നൽകുന്നു. അതുമുഖേന നന്മകളിൽ സ്ഥിരചിത്തത കൈവരുന്നു. ദുആകളിൽ വിശ്വാസമുള്ളവൻ വളരെ സൗഭാഗ്യവാനാകുന്നു. കാരണം, അവൻ അല്ലാഹുവിന്റെ അത്ഭുതകരമായ ശക്തിവിലാസങ്ങൾ ദർശിക്കുന്നു. അവൻ അല്ലാഹുവിനെ കണ്ടുകൊണ്ട് അവൻ സർവശക്തനും അന്തസുടയവനുമാണെന്ന് വിശ്വസിക്കുന്നു.(മൽഫൂദാത്ത് വാല്യം 7, പേജ് 265-266, 1984 പതിപ്പ്)

ദുആ സ്വീകരിക്കപ്പെടാത്തതിൽ പരാതി ഉന്നയിക്കുന്നവർക്ക് മറുപടി നൽകിക്കൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) മഹാത്മാവ് പറയുന്നു: ഒരുപാടാളുകൾ അല്ലാഹുവിൽ ആരോപണം ഉന്നയിക്കുന്നവരായിട്ടുണ്ട്. തങ്ങളെ സംബന്ധിച്ചു മോശമായ ചിന്താഗതി വെച്ചുപുലർത്തിക്കൊണ്ട്, തങ്ങൾ നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്തിട്ടും അതൊന്നും സ്വീകരിക്കപ്പെട്ടില്ലെന്ന് അവർ പറയുന്നു. ഇത് അവരുടെതന്നെ ന്യൂനതയാണ്.

നമസ്കാരവും ദുആയും മനുഷ്യൻ അശ്രദ്ധയും മടിയും കൂടാതെ ചെയ്യാത്തിടത്തോളം ദുആ സ്വീകരിക്കപ്പെടുന്നതല്ല.

ഒരാൾ പ്രത്യക്ഷത്തിൽ രുചികരമായൊരു ഭക്ഷണം കഴിക്കുന്നുവെന്ന് കരുതുക. പക്ഷേ, അതിനുള്ളിൽ വിഷമുണ്ട്. മധുരം കാരണം ആ വിഷത്തെ കുറിച്ചു അയാൾക്ക് മനസിലാകുന്നില്ല. മധുരം അതിന്റെ പ്രഭാവം കാണിക്കുന്നതിനു മുമ്പേതന്നെ വിഷം അതിന്റെ പ്രഭാവം പ്രകടിപ്പിക്കുകയും മനുഷ്യനെ കൊല്ലുകയും ചെയ്യുന്നു. ഇതേ കാരണം കൊണ്ടുതന്നെയാണ് അലസതയോടുകൂടിയ ദുആകൾ സ്വീകരിക്കപ്പെടാതെ പോകുന്നത്. കാരണം, അലസത അതിന്റെ പ്രഭാവം ആദ്യമേതന്നെ വെളിപ്പെടുത്തുന്നു. മനുഷ്യൻ അല്ലാഹുവിന്റെ ശരിയായ സഹായി ആകുകയും പിന്നെ ദുആ സ്വീകരിക്കപ്പെടാതെ പോകുകയും ചെയ്യുകയെന്നത് ഒരിക്കലും സംഭാവ്യമല്ല. അതേ! അതിന്റെ നിർബന്ധമായിട്ടുള്ള നിബന്ധനകൾ പൂർത്തിയാക്കപ്പെടണമെന്ന് മാത്രം.(മൽഫൂദാത്ത് വാല്യം 5, പേജ് 318-319)

അല്ലാഹു നിശ്ചയിച്ചിട്ടുള്ള നിബന്ധനകളിൽ ഇതാണുള്ളത്, അല്ലാഹു പറഞ്ഞ കാര്യങ്ങളെ പൂർണമായും അംഗീകരിക്കുക. അതിന് ലബ്ബയ്ക്ക് പറയുക. അതിൽ വിശ്വാസം സുദൃഢമാവുക. എന്തുതന്നെ സംഭവിച്ചാലും അവൻ ദൈവിക സന്നിധി വിട്ടുപോവരുത്.

അല്ലാഹു ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളുമുണ്ടാക്കിയിട്ടുണ്ട്. അത് ഉപയോഗിക്കേണ്ടതും ദുആയോടൊപ്പം അനിവാര്യമാകുന്നു.

തത്സംബന്ധമായി ഹദ്‌റത്ത് മസീഹ്മൗഊദ്(അ)പറയുന്നു:കർമങ്ങൾ പ്രാവർത്തികമാക്കാത്തവൻ ദുആ ചെയ്യുന്നില്ലെന്നത് ഒരു യാഥാർഥ്യമാണ്. മറിച്ചു, അവൻ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദുആ ചെയ്യുന്നതിനു മുമ്പേ തന്റെ എല്ലാ കഴിവുകളും ചെലവഴിക്കേണ്ടത് അനിവാര്യമാണ്. ഇതാണ് ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ എന്ന ദുആയുടെ അർഥം. ആദ്യം മനുഷ്യൻ തന്റെ വിശ്വാസത്തെയും കർമങ്ങളെയും ശ്രദ്ധിക്കണം. കാരണം, ഇസ്‌ലാഹ് അഥവാ പരിഷ്കരണം ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കുന്നുവെന്നതാണ് അല്ലാഹുവിന്റെ ചട്ടം.

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)**

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ഇസ്‌ലാഹ് അഥവാ പരിഷ്കരണത്തിനുവേണ്ടി എന്തെങ്കിലും സാഹചര്യങ്ങളുണ്ടാക്കുന്നു. ഇസ്‌ലാഹ് അഥവാ പരിഷ്കരണത്തിനുതകുന്ന എന്തെങ്കിലുമൊക്കെ സംഗതികൾ ഉണ്ടാക്കുന്നതാണ്. ദുആ ചെയ്തു, ഇനി ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളുടെ ആവശ്യമെന്താണ്? എന്ന് ചോദിക്കുന്നവർ ഇവിടെ അൽപം ചിന്തിക്കേണ്ടതുണ്ട്. ഈ വിവരദോഷികൾ ദുആതന്നെയും ഒരു ഗുപ്തമായ സഹനമാണെന്ന് മനസ്സിലാക്കണം. മറ്റു നിമിത്തങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു നിമിത്തം തന്നെയാണ് ദുആ.(മൽഫൂദാത്ത് വാല്യം 5, പേജ് 124, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ്മൗഊദ്(അ)പറയുന്നു:ഇസ്‌ലാമിന്റെ ശരിയായ വിവക്ഷിതം മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തിക്കു തന്റെ തൃപ്തിയെ വിധേയമാക്കുക എന്നതാകുന്നു. പക്ഷേ, ഈ ഒരു അവസ്ഥ മനുഷ്യന് തന്റെ കഴിവുകൊണ്ട് കരസ്ഥമാക്കാൻ കഴിയില്ലെന്നതും യാഥാർഥ്യമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ മുജാഹിദാത്ത് അഥവാ അത്യധ്വാനം ചെയ്യേണ്ടതും അനിവാര്യമാണ്. പക്ഷേ, ഈ സ്ഥാനം കരസ്ഥമാക്കുന്നതിന്റെ യഥാർഥവും അടിസ്ഥാനപരവുമായ മാർഗം ദുആ ആകുന്നു. മനുഷ്യൻ ദുർബലനാണ്. ദുആ മുഖേന ശക്തിയും പിന്തുണയും ആർജിക്കുന്നില്ലെങ്കിൽ ഈ ദുർഘടഘട്ടം തരണം ചെയ്യാൻ സാധ്യമല്ല. അല്ലാഹു താൻതന്നെ മനുഷ്യന്റെ ദൗർബല്യത്തെ സംബന്ധിച്ചു പറയുന്നു: ഖുലിഖൽ ഇൻസാനു ളയീഫാ. അതായത് മനുഷ്യൻ ദുർബലാവസ്ഥയിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ ദുർബലാവസ്ഥയിൽ തന്റെ കഴിവുകൊണ്ട് ഉന്നതസ്ഥാനം കൈവരിക്കാമെന്ന അവന്റെ വാദം തികച്ചും പൊള്ളയാകുന്നു. അതിനു ദുആ വളരെയേറെ ആവശ്യമുണ്ട്. ദുആ ഒരു ഉഗ്രൻ ശക്തിയാകുന്നു. അതു മുഖേന വലിയ വലിയ പ്രയാസങ്ങൾ പരിഹരിക്കപ്പെടുന്നു. ദുർഘടഘട്ടങ്ങൾ അവൻ വളരെ എളുപ്പത്തിൽ തരണം ചെയ്യുന്നു. അല്ലാഹുവിൽനിന്നുവരുന്ന അനുഗ്രഹത്തെയും ശക്തിയെയും കൊണ്ടുവരുന്ന അരുവിയാകുന്നു അത്. ഒരുപാട് ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നവൻ അവസാനം ആ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നു. അവൻ അല്ലാഹുവിന്റെ പിന്തുണയുള്ളവനായി മാറി തന്റെ ലക്ഷ്യത്തെ പ്രാപിക്കുന്നു. വെറും പുറമെയുള്ള ദുആയല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. മറിച്ചു, ഏറ്റവുമാദ്യം എല്ലാ പരിശ്രമവും അധ്വാനവും പ്രയോജനപ്പെടുത്തേണ്ടതാണ്. അതോടൊപ്പം ദുആയും ചെയ്യുക.

ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളെ പ്രയോജനപ്പെടുത്താതെ കേവലം ദുആ ചെയ്യുന്നത് ദുആയുടെ മര്യാദകളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. അത് അല്ലാഹുവിനെ പരീക്ഷിക്കലാണ്. ലക്ഷ്യം നിറവേറ്റാനുള്ളു ഉപാധികളിൽമാത്രം വീണുകിടക്കുകയും ദുആയെ ഒരു നിരർഥ സംഗതിയായി മനസിലാക്കുകയും ചെയ്യുന്നത് നിരീശ്വരത്വമാകുന്നു.

തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. ദുആ വലിയ സമ്പത്താകുന്നു. ദുആ ഉപേക്ഷിക്കാത്തവന്റെ ദീനിലും ദുൻയാവിലും ആപത്തുകൾ വരുന്നതല്ല. അവൻ ശക്തമായ ഒരു കോട്ടയിൽ സുരക്ഷിതനാകുന്നു. അതിന്റെ ചുറ്റിലും എല്ലാ സമയത്തും അതിനെ സംരക്ഷിക്കുന്നതിനു ആയുധധാരികളായ സൈന്യമുണ്ട്. പക്ഷേ, ദുആയെ അവഗണിക്കുന്നവൻ ആയുധമില്ലാത്തവനും നിസ്സഹായനുമാകുന്നു. അവൻ ഹിംസ്രജന്തുക്കളും മൃഗങ്ങളുമുള്ള വനത്തിൽ അകപ്പെട്ടവനാണ്. അവനൊരിക്കലും നന്മയുണ്ടാവില്ലെന്ന് അവനറിയാം. ഒരു നിമിഷംകൊണ്ട് അവൻ ഹിംസ്രജന്തുക്കളുടെ ഇരയാവുകയും അവന്റെ എല്ലും തോലും കാണപ്പെടുകയും ചെയ്യും. അതുകൊണ്ട് ഓർക്കുക. മനുഷ്യന്റെ വലിയ നന്മയും വലിയ സൗഭാഗ്യവും അവന്റെ സംരക്ഷണത്തിനുള്ള മാർഗവും ഈ ദുആ തന്നെയാകുന്നു. ഈ ദുആ അവന് അഭയമാകുന്നു. അവൻ എല്ലാ സമയത്തും അതിൽ മുഴുകുകയാണെങ്കിൽ ആ ദുആ അവന് അഭയമായിത്തീരുന്നു.(മൽഫൂദാത്ത് വാല്യം 7, പേജ് 192-193, 1984 പതിപ്പ്)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: അല്ലാഹു ഒരു ബന്ധം ആഗ്രഹിക്കുന്നു. അവന്റെ സവിധത്തിൽ ദുആ ചെയ്യുന്നതിന് ഒരു ബന്ധം അനിവാര്യമാകുന്നു. ഈ ബന്ധം കൂടാതെ ദുആ സാധ്യമല്ല. മുൻകാല മഹാത്മാക്കളുടെയും ഇത്തരത്തിലുള്ള കാര്യങ്ങൾ തുടർന്നുപോരുന്നുണ്ട്. ദുആ ചെയ്യുന്നവർക്ക് ദുആ ചെയ്യിക്കുന്നതിനുമുമ്പേ അല്ലാഹുവുമായി ഒരു ബന്ധമുണ്ടാക്കണമെന്ന് ആവർത്തിച്ചു ഉപദേശിച്ചിട്ടുണ്ട്. അല്ലാതെ, വെറുതെ ചന്തയിലൂടെ നടക്കുമ്പോൾ ആരും ആരെ സംബന്ധിച്ചും നീയെന്റെ സുഹൃത്താണെന്ന് പറയാറില്ല. അയാൾക്കുവേണ്ടി മനസിൽ വേദനയും ഉണ്ടാകുന്നില്ല. ദുആ ചെയ്യുന്നതിന് ആവേശവും ഉടലെടുക്കുന്നതല്ല. അല്ലാഹുവുമായുള്ള ബന്ധം, മനുഷ്യൻ അലസതയിൽ മുഴുകുകയും വായകൊണ്ട് തനിക്ക് അല്ലാഹുവുമായി ബന്ധമുണ്ടെന്ന് പറയുകയും ചെയ്യുന്നതിലൂടെ ഉണ്ടാകുന്നതല്ല. അല്ലാഹുവുമായുള്ള ബന്ധത്തിന് ഒരു വിലയം പ്രാപിക്കുന്ന അവസ്ഥയുണ്ടാകണം. നാംതന്നെ ജമാഅത്തിനെ കൂടെക്കൂടെ ഉപദേശിച്ചുകൊണ്ട് ഈ കാര്യത്തിൽ ഉറച്ചു നിൽക്കാൻ പറഞ്ഞുകൊണ്ടേയിരിക്കുന്നു. കാരണം, ഭൗതിക ലോകത്തോടു ഒരു വിരക്തിയും അതിനോടുള്ള സ്നേഹത്തിൽ ഒരു മടുപ്പുണ്ടാവുകയും അല്ലാഹുവിനു വേണ്ടി പ്രകൃതത്തിൽ സ്വതവേ ഒരു ആവേശവും ലീനാവസ്ഥയും ഉണ്ടാകുന്നുമില്ലെങ്കിൽ അതുവരെയും ഈ ദൃഢത ലഭ്യമാകുന്നതല്ല.(മൽഫൂദാത്ത് വാല്യം 7, പേജ് 42-43, 1984 പതിപ്പ്)

ചുരുക്കത്തിൽ, ഈ ദിവസങ്ങളിൽ അല്ലാഹു നമുക്ക് പ്രത്യേകമായും ഈ ഒരു അനുഗ്രഹത്തിന്റെ മാസം നൽകിയിരിക്കുന്നു. നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റമുണ്ടാക്കി ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതാണ് നമ്മുടെ ഇഹപരലോകങ്ങൾ ഒന്നാക്കുന്നതിനുള്ള മാർഗം.

ഇപ്പോൾ റമളാന്റെ അവസാന പത്ത് ആരംഭിക്കുകയാണ്. ഇതിൽ പ്രത്യേകമായും അല്ലാഹുവിന്റെ കൽപ്പനകളെ നമ്മുടെ പ്രവർത്തന രൂപരേഖയാക്കിക്കൊണ്ട് വിശ്വാസത്തിൽ സുദൃഢത ഉണ്ടാക്കിക്കൊണ്ട്, രാത്രിയിലെഴുന്നേറ്റ് അവന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ട് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു നമ്മെ നടത്താനാഗ്രഹിക്കുന്ന സന്മാർഗം പ്രാപിക്കുന്നവരായിത്തീരട്ടെ.

റമളാനിലെ ദുആകളിൽ പ്രത്യേകമായും ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ദുആ ചെയ്യുക. കൽതുറുങ്കുകളിൽ കിടക്കുന്നവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയുംവേഗം അവർക്ക് മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

യമനിലെ ബന്ധനസ്ഥർക്കുവേണ്ടിയും ദുആ ചെയ്യുക. പ്രത്യേകിച്ചും അവിടെയുള്ള ഒരു സ്ത്രീക്ക് വേണ്ടി. അവരെ അവിടെ അക്രമപരമായി വളരെ ഇടുങ്ങിയ ഒരു സ്ഥലത്തു മറ്റു തടവുകാരിൽ നിന്നു മാറ്റിയാണ് പാർപ്പിച്ചിട്ടുള്ളത്. പക്ഷേ, അവർ വളരെ സഹനത്തോടെയും വിശ്വാസദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും അവിടെ കഴിച്ചുകൂട്ടുന്നു. അല്ലാഹു അവരുടെ മോചനത്തിനും എത്രയും വേഗം വഴിയൊരുക്കുമാറാകട്ടെ. ജമാഅത്തിനെ സംബന്ധിച്ച് എതിരാളികളുടെ മനസിലുള്ള ദുർധാരണകളെ അല്ലാഹു എത്രയും വേഗം അകറ്റുമാറാകട്ടെ.

ഫലസ്തീനികളെയും ദുആകളിൽ ഓർക്കുക. വലിയ മാറ്റം കൊണ്ടുവരുമെന്നാണ് പറയുന്നത്. പക്ഷേ, അവസ്ഥകൾ വളരെ വഷളായിക്കൊണ്ടിരിക്കുന്നു. യു.എൻ പ്രമേയം പാസായിട്ടുപോലും ഈ അക്രമം അതേപടി തുടരുകയാണ്. ഇവിടെ പാശ്ചാത്യശക്തികളുടെ ഇരട്ടത്താപ്പ് വ്യക്തമാകുന്നുണ്ട്. ഈ അക്രമങ്ങൾ തങ്ങളുടെ ഇഷ്ടപ്പെട്ട ആളുകൾക്കുമേൽ അല്ലെങ്കിൽ രാജ്യങ്ങൾക്കുമേലാണ് ഉണ്ടാവുന്നതെങ്കിൽ ഉടൻതന്നെ ഉപരോധങ്ങൾ ഏർപ്പെടുത്തുന്നു. പക്ഷേ, ഇസ്രായേലിനുമേൽ ഒരു ഉപരോധവുമില്ല. അമേരിക്ക കഴിഞ്ഞ ദിവസം ബില്ല്യൺ കണക്കിന് ഡോളർ നിരുപാധിക സഹായം അവർക്കുവേണ്ടി പാസാക്കുകയുണ്ടായി. എന്നാൽ, ഫലസ്തീൻകാർക്കുവേണ്ടി ഏതാനും മില്യൺ ഡോളറുകൾ മാത്രമാണ് പാസാക്കിയത്. പക്ഷേ, ഇസ്രായേലിനെതരിൽ കോടതികളിലും നീതിന്യായവ്യവസ്ഥകളിലും മറ്റേതെങ്കിലും ഫോറത്തിലും പോകരുതെന്ന നിബന്ധനയും വെച്ചിട്ടുണ്ട്. അങ്ങനെ അവർക്കെതിരിൽ സംസാരിക്കാൻ അവസരം ലഭിക്കരുത്. എന്നിരിക്കെ ഇത്തരം ആളുകളിൽ നിന്നെന്ത് പ്രതീക്ഷിക്കാനാണ്. ദുആ മാത്രമേയുള്ളു. അല്ലാഹുതന്നെ ഈ മർദ്ദിതരെ ഈ ദ്രോഹികളിൽ നിന്നു രക്ഷിക്കുമാറാകട്ടെ. നമുക്കും മർദ്ദിതർക്കുവേണ്ടിയുള്ള ദുആ യഥാവിധി ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ഉറജ: താരിഖ് അഹ്മദ് അലനല്ലൂർ)

---

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

**ത്വാലിബെ ദുആ:**
**RAHMAN SHAKEErR& FAMILY**
**AHMADIYYA JAMA'ATH KARULAI, KERALA**

**ത്വാലിബെ ദുആ:**
**C.K.MUHAMMED SHAREEF &FAMILY**
**AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA**

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻപര്യടനം(ജൂൺ 2014)

**വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര**

**(ബദ്ർ വാല്യം 9, ലക്കം 17, പേജ് 12, കോളം 3-ൽനിന്ന് തുടർച്ച......)**

കൈയ്യുയർത്തിയവരെയെല്ലാം ജർമനിക്കുതന്നെ മുബല്ലിഗായി നല്കണമെന്നില്ല. മറ്റു രാജ്യങ്ങളിലും പോകേണ്ടതാണ്. ഫ്രഞ്ചും അവരെ പഠിപ്പിക്കേണ്ടതാണ്. ഫിൻലാൻഡ് ഭാഷയും പഠിപ്പിക്കണം. ഇംഗ്ലീഷും പഠിപ്പിക്കണം. മറ്റു ഭാഷകളും പഠിപ്പിക്കണം. അതുകൊണ്ട് പാസ്സായാൽ ജാമിഅയിൽത്തന്നെ പോകാവുന്നതാണ്.

ഒരു വാഖ്ഫെ നൗ: ഒരാൾ വീട്ടിനുള്ളിൽ ജമാഅത്തായി നമസ്കരിപ്പിക്കുകയും അയാളുടെ പിന്നിൽ സ്ത്രീകൾമാത്രം ഉണ്ടാകുകയും ചെയ്യുമ്പോൾ അയാൾതന്നെ എന്തിന് ഇഖാമത്ത് കൊടുക്കണം? സ്ത്രീകൾക്ക് ഇഖാമത്ത് കൊടുത്തുകൂടെ?

ഹുദൂർ: പുരുഷഇമാമിന്റെ പിന്നിൽ വീട്ടിലെ സ്ത്രീകൾ മാത്രമേയുള്ളൂവെങ്കിൽ അവർക്കും ഖാമത്ത് കൊടുക്കാവുന്നതാണ്.

ഒരു വാഖ്ഫെ നൗ: റമളാനിലെ നോമ്പ് പിടിക്കുന്നതിനുള്ള പ്രായം എത്രയാണ്. എപ്പോൾ മുതലാണ് അതിന് അനുവാദമുള്ളത്.

ഹുദൂർ: ആരോഗ്യമുള്ള ശരീരമാണെങ്കിൽ നിങ്ങളെ പോലെയുള്ളവർക്ക് നോമ്പ് പിടിക്കാവുന്നതാണ്. സഹിക്കാൻ പറ്റുമെങ്കിൽ പിടിച്ചുകൊള്ളുക. എന്നാൽ, ചൂടുകാലത്തുള്ള നോമ്പുകൾ ദീർഘമാണ്. ഇക്കാര്യങ്ങളിൽ വിദ്യാർഥികൾ ശ്രദ്ധിക്കേണ്ടതാണ്. ഒന്നോ രണ്ടോ നോമ്പുപിടിച്ച് ശീലമുണ്ടാക്കുക. സഹിക്കാൻ സാധിക്കുമെങ്കിൽ കുറച്ചുകുറച്ചായി നോമ്പുപിടിച്ച് ശീലമുണ്ടാക്കുക. പരീക്ഷയും മറ്റും നടക്കുകയാണെങ്കിൽ ഒരു ഭാരമെന്തായാലുമുണ്ടാകുന്നു. അതുകൊണ്ട് ആ ദിനങ്ങളിൽ നോമ്പു നോൽക്കരുത്. എന്നാൽ, നിങ്ങൾ യുവാക്കളായിരിക്കുമ്പോൾ പതിനേഴോ പതിനെട്ടോ വയസ്സിൽ പ്രായപൂർത്തി പ്രാപിക്കും. അപ്പോൾ നിങ്ങളുടെമേൽ നോമ്പ് നിർബന്ധമാകും.

ഒരു നിശ്ചിതപ്രായം എവിടേയും ലിഖിതമായില്ല. എങ്കിലും ശീലമുണ്ടാക്കേണ്ടതാണ്. കുഞ്ഞുപ്രായത്തിൽ കുട്ടികളോടു നോമ്പ് പിടിക്കാൻ പറയരുത്. ചില മുസ്‌ലിമീങ്ങൾ കുഞ്ഞുങ്ങളെക്കൊണ്ട് നോമ്പ് പിടിപ്പിക്കുന്ന അവസ്ഥയുണ്ട്. നീണ്ട പകലാണ്. കുട്ടികൾ ദാഹത്താൽ തളരുന്നുണ്ടാവും. അവനെ റൂമിനുള്ളിൽ അടച്ചിടുന്നു. ഇങ്ങനെ അടച്ചിടുന്ന പല സംഭവങ്ങളും പാക്കിസ്താനിൽ നടക്കാറുണ്ട്. വൈകുന്നേരം വാതിൽ തുറക്കുമ്പോൾ കുട്ടി മരിച്ചു കിടക്കുന്നുണ്ടാകും. ഇതും അക്രമമാണ്. നിശ്ചയമായും ഇതിന് അനുവാദമില്ല. അതുകൊണ്ട് സഹിക്കാവുന്ന പരിധിവരെ നോമ്പുനോക്കുക. ഒന്നോ അരയോ നോമ്പ് നോക്കാവുന്നതാണ്. തണുത്ത അന്തരീക്ഷമുള്ളപ്പോൾ പിടിക്കുക. ഇന്നാളുകളിൽ നിങ്ങളുടെ പ്രായം ഒരു വിധത്തിലും നോമ്പ് നിർബന്ധമുള്ള പ്രായമല്ല.

ഒരു വാഖ്ഫെ നൗ: എന്റെ ചെവിക്ക് നാലു ശസ്ത്രക്രിയ കഴിഞ്ഞു. ഇടതു ചെവികൊണ്ട് കേൾക്കുന്നു. വലതു ചെവി ഇതുവരേയും ശരിയായിട്ടില്ല. പ്രിയപ്പെട്ട ഹുദൂറിനോട് ദുആക്ക് അപേക്ഷിക്കുകയാണ്.

ഹുദൂർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഒരു വാഖ്ഫെ നൗ: വിശുദ്ധ ഖുർആനിലെ റഹ്മാൻ എന്ന അധ്യായത്തിൽ ജിന്നിനെ കുറിച്ചും ഇൻസിനെ കുറിച്ചും പരാമർശിക്കുന്നുണ്ട്. ഇൻസ് എന്നതിന്റെ ഉദ്ദേശ്യം മനുഷ്യനാണ്. ജിന്ന് കൊണ്ടുദ്ദേശിക്കുന്നതെന്താണ്?

ഹുദൂർ: ജിന്നുകൾ എന്നതുകൊണ്ട് പല കാര്യങ്ങളും ഉദ്ദേശിക്കാവുന്നതാണ്. മറഞ്ഞിരിക്കുന്ന ഏതൊന്നിനേയും ജിന്നെന്ന് വിളിക്കാം. അതുകൊണ്ട് ബാക്ടീരിയയെ കുറിച്ചും ഹദീഥിൽ ജിന്ന് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. നിങ്ങൾ കാടുകളിൽ പോകുമ്പോൾ മലമൂത്ര വിസർജനം നടത്തേണ്ടി വന്നാൽ ശുചീകരണം നടത്തുന്നതിന് എല്ലാണ് ലഭിക്കുന്നതെങ്കിൽ അതുപയോഗിക്കരുതെന്നാണ് ഹദീഥിലുള്ളത്. കാരണം അതിൽ കൃമികളുണ്ടാകും. മറഞ്ഞിരിക്കുന്ന ജീവികളുണ്ടാകും. അതുകൊണ്ട് പകരം കല്ല് ഉപയോഗിക്കുക.

പർവ്വതങ്ങളിൽ ഒളിച്ചു ജീവിക്കുന്ന ആളുകളും ജിന്ന് എന്ന് പറയപ്പെടുന്നു. ലോകത്ത് പൊതുജനങ്ങളുടെ മുന്നിൽ അധികം വരാത്ത വലിയ വ്യക്തികളും ജിന്നുകളാണ്. ഈയടിസ്ഥാനത്തിൽ ചിലർ പൊതുജനങ്ങളേക്കാൾ തങ്ങളെ അൽപം ഉയർന്നവരായി മനസ്സിലാക്കുന്നു. ഇപ്രകാരം പല തരത്തിലുള്ള വിഭാഗങ്ങളുണ്ട്. മറഞ്ഞിരിക്കുന്ന ഓരോ വസ്തുവിനും അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് വേറിട്ട് നിൽക്കുന്നവർക്കും ജിന്ന് എന്ന പദം ഉപയോഗിക്കാറുണ്ടെന്ന് സാരം.

ഒരു വാഖ്ഫെ നൗ: ഹുദൂർ! ഖലീഫയായ ദിനം അങ്ങയ്ക്കുണ്ടായ വികാരമെന്താണ്? ഇതൊരു ഭാരിച്ച ഉത്തരവാദിത്വമാണല്ലോ?

ഹുദൂർ: ആ ദിവസത്തെ വീഡിയോ നോക്കിയാൽ മതി. നിങ്ങൾക്ക് മനസ്സിലാകും. എം.ടി.എ. പ്രവർത്തകർ പല ഇടങ്ങളിലേയും വീഡിയോ ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് കാണിച്ചു തരാൻ അവരോടു പറയുക. ഞാൻ അനുഭവിച്ചതെന്താണെന്ന് എന്റെ രൂപം കാണുമ്പോൾ നിങ്ങൾക്ക് മനസ്സിലാകുന്നതാണ്.

ഒരു വാഖ്ഫെ നൗ: ഖിലാഫത്തിനുമുമ്പേ ഹുദൂർ റൈഡിംഗ് ചെയ്തിരുന്നു. ഇപ്പോഴും അതിന് സമയം കിട്ടാറുണ്ടോ?

ഹുദൂർ: റൈഡിംഗ് മുമ്പേയും ഞാൻ കൃത്യമായി ചെയ്യാറുണ്ടായിരുന്നില്ല. പഠിക്കുന്ന കാലത്ത് ഞാനത് ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ സമയം കിട്ടാറില്ല. പക്ഷേ, നാലഞ്ചു മാസത്തിനുശേഷം ഇടക്കിടെ ഇസ്‌ലാമാബാദിൽപോയി റൈഡിംഗ് ചെയ്ത് നോക്കുന്നതാണ്. ഇസ്‌ലാമാബാദിൽ ജമാഅത്ത് കുതിരകളും വളർത്തുന്നുണ്ട്. ജാമിഅയിലെ കുട്ടികൾ അവിടെ റൈഡിംഗിന് പോകാറുണ്ട്. അത്ഫാൽ റൈഡിംഗ് ചെയ്യുമ്പോൾ വല്ലപ്പോഴും അവസരം കിട്ടുകയാണെങ്കിൽ ഞാനും പോയി നോക്കാം.

ഒരു വാഖ്ഫെ നൗ: വഖ്ഫെ നൗവിന്റെ അർഥമെന്താണ്?

ഹുദൂർ: പുതിയ വഖ്ഫ് എന്നാണ് വഖ്ഫെ നൗവ്വിന്റെ അർഥം. അതായത് പുതിയതായി തുടക്കമിട്ട ഒരു പദ്ധതിയാണിത്. മാതാപിതാക്കൾ ഇതനുസരിച്ച് തങ്ങളുടെ മക്കളെ അവരുടെ ജനനത്തിനു മുമ്പേ വഖ്ഫ്(ദൈവവഴിയിൽ സമർപണം)ചെയ്യുന്നു. കുട്ടി വലുതാകുമ്പോൾ, കാര്യങ്ങൾ മനസ്സിലാക്കുന്ന പ്രായമാകുമ്പോൾ വീണ്ടും തങ്ങൾതങ്ങളെ വഖ്ഫു ചെയ്യാനാഗ്രഹിക്കുന്നു എന്ന് പറഞ്ഞു കൊണ്ടുള്ള ബോണ്ട് എഴുതുക. മറ്റൊന്ന് വഖ്ഫെ ഔലാദുമുണ്ട്. കുട്ടി ജനിച്ച് രണ്ടോ നാലോ ആറോ വയസ്സ് ആകുമ്പോൾ ആസമയത്ത് സ്വന്തം മക്കളെ വഖ്ഫ് ചെയ്യാൻ മാതാപിതാക്കൾക്ക് ആഗ്രഹമുണ്ടാകുന്നു. ഇത് വഖ്ഫെ ഔലാദ് എന്ന ഗണത്തിൽപ്പെടുന്നു. ഇതു മുമ്പേതന്നെ തുടർന്നു വരുന്ന പദ്ധതിയാണ്.

ഒരു വാഖ്ഫെ നൗ:നമ്മുടെ ഒരു ഇസ്‌ലാമിക എക്സിബിഷൻ നടന്നിരുന്നു. അവിടെവച്ച് ഒരു ക്രൈസ്തവ സ്നേഹിതൻ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. സൂറ മാഇദായിൽ ദൈവം ഹദ്റത്ത് ഈസാ (അ)യോട് തന്നേയും തന്റെ മാതാവിനേയും പൂജിക്കരുതെന്ന് മാർഗദർശനം ചെയ്തിരുന്നു. അദ്ദേഹം ഇതിനുശേഷം പറഞ്ഞത് തങ്ങൾ ഈസാ നബി(അ)യുടെ മാതാവിനെ പൂജിക്കുന്നില്ലെന്നാണ്. വിശുദ്ധ ഖുർആനിലാകട്ടെ അങ്ങനെ ചെയ്യുന്നുവെന്നും കാണുന്നു. ഇപ്രകാരം അയാൾ സ്ഥാപിക്കാനു ദ്ദേശിക്കുന്നത് നഊദുബില്ലാഹ് ഖുർആൻ തെറ്റാണെന്നാണ്.

ഹുദൂർ: ആദ്യം ആ ആയത്തെടുത്ത് വായിക്കുക. തർജമ വായിക്കുക. തുടർന്ന് ചോദിക്കുക. ചോദ്യം വിശുദ്ധ ഖുർആനിലെ ഒരു ആയത്തിനെ മുൻനിറുത്തി ചോദിക്കുമ്പോൾ ആയത്ത് ഓതി ചോദ്യം ചോദിക്കുന്നു. തുടർന്ന് ശരിയായി മനസ്സിലാക്കാൻ തർജമ ചെയ്യുന്നു.

പൂജ എന്തുകൊണ്ട് ചെയ്യുന്നില്ല? ഹദ്റത്ത് ഈസാ(അ)ആകാശത്ത് ഇരിക്കുന്നതായി അംഗീകരിക്കുന്നു. ആകാശത്ത് അദ്ദേഹം കയറിപ്പോയതായി അംഗീകരിക്കുന്നു. ദൈവം മൂന്നാണെന്ന് ഇവർ പറയുന്നു. മൂന്ന് ദൈവമുണ്ടെന്ന് ഇവർ വിശ്വസിക്കുന്നു. പിതാവ് പുത്രൻ പരിശുദ്ധാത്മാവ്. മൂന്ന് ദൈവമുള്ളപ്പോൾ ആരാധന ദൈവത്തെ ആണല്ലോ ചെയ്യുന്നത്. ചോദിക്കുമ്പോൾ ഈസായുടെ പേരെടുത്ത് ചോദിക്കുന്നു. ദൈവത്തിലേക്ക് കൈയ്യുയർത്തുന്നതിനു പകരം അദ്ദേഹത്തിലേക്കാണ് തിരിക്കുന്നത്. ഇതെല്ലാം ആരാധനയാണ്. ആരാധന എന്താണ്? ഓരോ കാര്യവും അർഥിക്കുമ്പോൾ പറയുന്നത് ഹദ്റത്ത് ഈസയാണ് തങ്ങൾക്ക് നല്കിയതെന്നാണ്. ഇനി ഇവരോടു പറയേണ്ടത് ഇക്കാര്യങ്ങളെല്ലാം വിട്ടേക്കുക. സ്വന്തം വീക്ഷണങ്ങൾ മാറിക്കൊണ്ടേ ഇരിക്കുകയാണ്. ഇപ്പോൾ വത്തിക്കാൻകാരും പരസ്യപ്പെടുത്തുന്നത് വരേണ്ടിയിരുന്ന ഈസാ ഇനി വരല്ലെന്നാണ്.

ഇപ്പോൾ ക്രിസ്ത്യാനികളിലും ധാരാളം വിഭാഗങ്ങളുണ്ട്. വിവിധങ്ങളായ വീക്ഷണങ്ങളാണ് ഇവർക്കുള്ളത്. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിമർശിച്ച വളരെയധികം ബൈബിൾ വചനങ്ങളുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിനുശേഷം പ്രസ്തുത വചനങ്ങൾ അവർ അതിൽനിന്ന് നീക്കിക്കളഞ്ഞു. സ്വയമേവ സംശയങ്ങൾ ജനിപ്പിക്കുന്ന കാര്യങ്ങളാണിതെല്ലാം. ഇവർക്ക് സംശയമുണ്ടാകുന്നു. ഈസാ നബി ഇനി വരില്ലെന്ന വത്തിക്കാൻകാരുടെ ഭാഷ്യം ഞാൻ പറഞ്ഞിരുന്നു. ഇതു പറയുമ്പോൾ അദ്ദേഹം ഒരുപക്ഷേ, മദ്യാസക്തിയിലായിരിക്കും പറഞ്ഞിട്ടുണ്ടാവുക. മദ്യാസക്തിയിൽ താൻ വരുമെന്ന് പറഞ്ഞിട്ടുണ്ടാകും. ഇങ്ങനെ എഴുതപ്പെട്ടതായി ഇന്നാളുകളിലും ഇന്റർനെറ്റിൽ ലഭ്യമാണ്. നിങ്ങൾ തീർച്ചയായും വായിച്ചു നോക്കുക. ജർമൻ ഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും വത്തിക്കാൻ പാതിരിമാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ അവർ പറയുന്നത് ദൈവം അവരുടെമേൽ മറ്റൊരു ദൗത്യം ഏൽപ്പിച്ചിരിക്കുകയാണെന്നാണ്. അത് നടപ്പിലാക്കാൻ അവർ മറ്റൊന്ന് ചെയ്യുന്നു. ജനങ്ങളെയാണെങ്കിൽ സംസ്കരിക്കാനൊട്ട് സാധിച്ചതുമില്ല. മറ്റൊരു ലോകത്തെ സംസ്കരിക്കാൻ ഇപ്പോൾ ഈസായെ അയച്ചിരിക്കുകയാണത്രെ! ഇവരുടെ കാര്യങ്ങൾ ഇതൊക്കെയാണ്. വിശുദ്ധ

ഖുർആനെന്താണോ പറയുന്നത് അത് സത്യമാണ്. ശരിയാണ് അതു പറയുന്നത്. ഇവർ പറയുന്ന കാര്യം മാറിക്കൊണ്ടേയിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ബൈബിളിലെ പല വചനങ്ങൾക്കുമേൽ വിമർശനം ഉയരുമ്പോൾ അതിന്റെ പുതിയ പ്രിന്റിൽനിന്ന് അത് നീക്കം ചെയ്യുന്നു. കൂടാതെ ബൈബിൾത്തന്നെ പരസ്പരം ബന്ധമില്ലാത്തതാകുന്നു. വിവിധ തരത്തിലുള്ള പതിപ്പുകളുണ്ട്. അവർ അല്ലാഹുവിനെ കൂടാതെ മറ്റു പലരേയും ആരാധ്യനാക്കിയിരിക്കുന്നു. അവർ ദൈവത്തിന് പങ്കാളികളെ വെച്ചിരിക്കുന്നു.(അവലംബം:2014 ജൂലായ് 10-17, ബദ്ർ ഉർദു)

*2014 ജൂൺ 08 ഞായർ:(ബദ്ർ വാള്യം 9, ലക്കം 17, പേജ് 12, കോളം 3-ൽനിന്ന് തുടർച്ച......)*

ഒരു വാഖ്ഫെ നൗ ചോദിച്ചു: സ്വർഗം മാതാവിന്റെ കാൽക്കീഴിലാണെന്ന് ഒരു ഹദീഥിൽ വന്നിരിക്കുന്നു. ഈ സ്വർഗം ഓരോ മാതാവിന്റേയും കാൽക്കീഴിലാണോ? അതോ മുസ്‌ലിം മാതാക്കളുടെ കാല്ക്കീഴിൽ മാത്രമാണോ?

ഹുദൂർ: മാതാവ് നല്ല ശിക്ഷണം നല്കുകയും കുട്ടി നന്മയുള്ളവനായി മാറുകയും ചെയ്യുന്നു എന്നതാണ് മാതാവിന്റെ കാൽക്കീഴിൽ സ്വർഗം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം. സൽപ്രവർത്തനങ്ങൾ ചെയ്യണം. അല്ലാഹുവിനെ ആരാധിക്കണം. അപ്പോൾ സദ്യത്തനായ ആ കുട്ടി സ്വർഗത്തിൽ പോകുന്നതായിരിക്കും. ദൈവത്തെ തിരിച്ചറിയുന്നവനായിട്ടും അവന്റെ കൽപ്പന അനുസരിക്കാൻ വേണ്ടിയുള്ള അന്വേഷണത്തിലും മുഴുകുന്ന വിധത്തിൽ ഏതെങ്കിലും മാതാവ് കുട്ടിക്ക് ശിക്ഷണം നല്കിയാൽ അത് സ്വർഗത്തിലേക്ക് നയിക്കുന്ന കാര്യമാണ്. ഹദ്റത്ത് മൂസായും തനിക്കുശേഷം വരുന്ന നബിയെ കുറിച്ച് അറിയിപ്പു നല്കി. ഹദ്റത്ത് ഈസായും അറിയിപ്പു നല്കി. മുമ്പേ വന്ന നബിമാരെല്ലാം നബി(സ)തിരുമേനിയുടെ വരവിനെ സംബന്ധിച്ച് അറിയിപ്പു നല്കി. അവർ അദ്ദേഹത്തെ അംഗീകരിക്കുന്നില്ലെങ്കിൽ വിശ്വാസിയാകുക സാധ്യമല്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ക്രൈസ്തവരായുള്ളവർക്കും യഹൂദർക്കും മജൂസികൾക്കും അവൻ ക്ഷമിച്ചു കൊടുക്കും. അതായത് അവർ വിശ്വാസികളാണെങ്കിൽ സ്വർഗത്തിൽ പോകുന്നതായിരിക്കും. അവർ ചെയ്യുന്ന നന്മ കാരണത്താൽ നബി(സ) തിരുമേനിയുടെ അനുസരണ പ്രതിജ്ഞയിൽ വരുമെന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വ്യക്തമാക്കുന്നു. അദ്ദേഹത്തെ ആദരിക്കുന്നവരാകുമെങ്കിൽ അല്ലാഹുവിൽനിന്ന് പ്രതിഫലം നേടും. ശേഷിക്കുന്നത് സ്വർഗവും നരകവുമാണ്. അതിന്റെ തീരുമാനം പ്രഖ്യാപിക്കുന്ന പ്രവൃത്തി ദൈവത്തിന്റേതാണ്. ഒരു വിശ്വാസിനിയും മുസ്‌ലിമുമായ സ്ത്രീ തന്റെ കുട്ടിക്ക് നല്ല ശിക്ഷണം നല്കിയാൽ അല്ലാഹു അവളെ തന്റേയും തന്റെ ദൂതന്റേയും കൽപ്പനകളനുസരിച്ച് നടക്കുന്നവളാക്കും എന്ന് താൽപര്യം. അല്ലാഹുവിനെ ആരാധിക്കുന്നവളാക്കും. കുട്ടി സൽകർമം ചെയ്യുന്നെങ്കിൽ നന്മകൾ പ്രചരിപ്പിക്കുന്നുവെങ്കിൽ അവൻ സ്വർഗത്തിൽപോകുന്നതായിരിക്കും.

ഇനിയുള്ളത് മുസ്‌ലിമല്ലാത്ത മാതാക്കളുടെ കാര്യമാണ്. അവരും സ്വന്തം കുട്ടികൾക്ക് നല്ല ശിക്ഷണം നല്കിയാൽ സ്വർഗത്തിൽ പോകുകയില്ലെന്ന് പറയാൻ പറ്റില്ല. കാരണം വളരെ ഉന്നതമായ സ്വഭാവ ഗുണങ്ങളുണ്ട്. അല്ലാഹു ക്ഷമിച്ചു കൊടുക്കുന്നവനാണ്. ആരേയും അവരുടെ നന്മയുടെ പേരിൽ സ്വർഗത്തിൽ അയക്കാൻ അവന് സാധിക്കും. രണ്ടുപേർ തർക്കത്തിലേർപ്പെട്ടു. ഒരാൾ പറഞ്ഞു:നിങ്ങൾ ഇന്ന ഇന്ന മോശമായ പ്രവൃത്തിയാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾക്ക് സ്വർഗത്തിൽ പോകാൻ സാധിക്കില്ല. എന്നെ നോക്കൂ, എന്തെന്തെല്ലാം സൽപ്രവൃത്തികൾ ഞാൻ ചെയ്യുന്നു. ഞാൻ ആരാധന നിർവഹിക്കുന്നു. എനിക്കു വളരെ ഉന്നതമായ പദവിയുണ്ട്. മരണശേഷം ഇരുവരും ദൈവ സവിധത്തിൽ ഹാജരായി. സ്വർഗ നരകത്തിന്റെ തീരുമാനം എടുക്കാൻ നിങ്ങളാരെന്ന് അല്ലാഹു അവരോടു ചോദിച്ചു. സ്വർഗത്തിലും നരകത്തിലും ഇടുന്നത് ഞാനാണ്. സ്വർഗത്തിൽ പോകില്ലെന്ന് നിങ്ങളിലാരാണോ പറഞ്ഞത് അവൻ നരകത്തിൽ പോവുക. ഇവനെ ഞാൻ സ്വർഗത്തിൽ അയക്കുകയാണ്. താൻ വലിയ ആരാധന നടത്തുന്ന ആളാണെന്നും നന്മ ചെയ്യുന്ന ആളണെന്നുമുള്ള വലുപ്പത്തരം നിന്നിലുണ്ടായതു കൊണ്ട് നിന്നെ നരകത്തിൽ ഇടുകയാണ്. ഈ തീരുമാനം അല്ലാഹുവാണ് എടുക്കുന്നത്. മാതാവ് നല്ല ശിക്ഷണം നല്കുന്ന കാര്യത്തെ കുറിച്ച് നബി(സ)തിരുമേനി പറഞ്ഞത്, അത്തരം വിശ്വാസിനിയായ മുസ്‌ലിം സ്ത്രീയുടെ മക്കൾ ഇൻശാ അല്ലാഹ് സ്വർഗത്തിൽ പോകുന്നവരാകുമെന്നാണ്. അവർ ചെയ്യുന്ന സൽകർമം കാരണത്താലാണത്.

ഒരു വാഖ്ഫെ നൗ: ജമാഅത്തിന്റെ ഭാഗത്തു നിന്നു ലഭിക്കുന്ന കലണ്ടറിൽ ഖുർആനിക വചനം രേഖപ്പെടുത്തിയിട്ടുണ്ടാകും, ഖലീഫമാരുടെ ചിത്രങ്ങളുമുണ്ടാകും. ആ വർഷം തീരുമ്പോൾ അതെന്താണ് ചെയ്യേണ്ടത്?

ഹുദൂർ: അതു സൂക്ഷിച്ചു വെക്കാൻ സാധിക്കില്ലെങ്കിൽ കത്തിച്ചു കളയുക. അല്ലെങ്കിൽ ഷ്രെഡ് ചെയ്യുക. ഇവിടെ ഷ്രെഡർ കിട്ടാറുണ്ട്. അതിൽ ഇട്ടേക്കുക. എല്ലാ വീട്ടിലും ഷ്രെഡർ ഉണ്ടാകണമെന്നില്ല. അതുകൊണ്ട് കത്തിച്ചു കളയുക.

ഒരു വാഖ്ഫെ നൗ: അഹ്മദിയ്യാ ജമാഅത്ത് എന്ന് പേരിട്ടതാരാണ്? എങ്ങനെയാണ് ആ പേരിട്ടത്?

ഹുദൂർ: ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണ് നാമകരണം ചെയ്തത്. 1901-ൽ കാനേഷുമാരി നടന്നു. ഇവിടെ ജർമനിയിൽ ഇതിന് വോൽക്സ്സാഹ്ലംങ് എന്നാണ് പറയുന്നത്. നമ്മുടെ രാജ്യത്തിന്റെ ജനസംഖ്യ എത്രയാണെന്ന് തിട്ടപ്പെടുത്തുന്നത് സർക്കാരാണ്. പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, ഏതേതെല്ലാം മതത്തിൽ പെട്ടവരാണ് ഇതെല്ലാം ഓരോ പത്തുവർഷം കൂടുമ്പോൾ തിട്ടപ്പെടുത്തുന്നു. ഇന്ത്യയിൽ 1901-ൽ കാനേഷുമാരി നടന്നു. ഇതിനെ തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തംഗങ്ങളോട് ഇതര മുസ്‌ലിമീങ്ങളിൽനിന്ന് നമ്മെ വേർതിരിച്ചറിയും വിധത്തിൽ അദ്ദേഹത്തിൽ വിശ്വസിച്ചവർ എന്ന നിലയിൽ അഹ്മദി മുസ്‌ലിമീങ്ങൾ എന്നെഴുതാൻ നിർദ്ദേശിച്ചു. ഈ ഫാറം വന്നപ്പോൾ അതിൽ അഹ്മദികളെന്നറിയാൻ അഹ്മദി മുസ്‌ലിമീങ്ങൾ എന്നെഴുതാൻ പറഞ്ഞു. അങ്ങനെ നമ്മുടെ ജനസംഖ്യ രാജ്യത്തിനും ബോധ്യമാകും. പ്രസ്തുത സമയം മുതലാണ് നമ്മൾ ഈ നാമം സ്വീകരിച്ചത്.

ഒരു വാഖ്ഫെ നൗ: പുരാതന കാലത്ത് ആളുകൾക്ക് താനൊരു നബിയാണെന്ന് എങ്ങനെ മനസ്സിലായിരുന്നത്? ഹുദൂർ: ഇക്കാലത്തെങ്ങനെയാണ് മനസ്സിലാകുന്നത്?

ഏതെങ്കിലും ടെലിവിഷനിൽ പരസ്യപ്പെടുത്തുന്നതുപോലെ ഒരിക്കലുമല്ല. നബി(സ)തിരുമേനിയെ പിന്തുടർന്നുകൊണ്ട് ദീർഘദർശനങ്ങൾ പ്രകാരം മസീഹ് മൗഊദ്(അ)വന്നു. അദ്ദേഹത്തിന് അല്ലാഹുവിന്റെ നബി എന്ന് നാമകരണം ചെയ്യപ്പെട്ടു. അദ്ദേഹം നബിയായിരുന്നു. അക്കാലഘട്ടത്തിലും ടെലിവിഷനിലോ റേഡിയോയിലോ ഒരു പരസ്യപ്പെടുത്തലും ഉണ്ടായിട്ടില്ല. ആ സമയത്ത് പത്രങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. എന്നാൽ, ആ മഹാത്മാവ് തന്നോട് അല്ലാഹു താൻ നബിയാണെന്ന് അറിയിച്ചു വെന്നും പിന്നീട് മെല്ലെ മെല്ലെ ലോകം അതറിയുകയുമാണ് ഉണ്ടായതെന്നുമാണ് പറഞ്ഞിട്ടുള്ളത്. നബി(സ)തിരുമേനിയുടെ കാലത്ത് പത്രവും മറ്റുമുണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം ലോകത്തിലെ വിവിധ രാജാക്കന്മാർക്ക് സന്ദേശമെത്തിച്ചുകൊണ്ട് കത്തെഴുതി. വിവിധ മതങ്ങളിലെ ദൂതന്മാർ നല്കിയ ദീർഘദർശനമനുസരിച്ച് വരേണ്ടുന്ന അവസാന ശരീഅത്തീ നബി വന്നുവെന്നും താനാണ് അതെന്നും ആ മഹാത്മാവ് അവരെ അറിയിച്ചു. അദ്ദേഹം വിവിധ രാജാക്കന്മാർക്ക് കത്തുകളെഴുതി. ഇവ്വിധം രാജാക്കന്മാരിലേക്ക് സന്ദേശമെത്തി. മുസ്‌ലിമീങ്ങളായ അനുചരന്മാർ വിവിധ പ്രദേശങ്ങളിലേക്ക് പോവുകയും നബി വന്നു എന്ന സന്ദേശമെത്തിക്കുകയും ചെയ്തു. യുദ്ധങ്ങൾ മുഖേന ഇസ്‌ലാം വ്യാപിച്ചുവെന്ന് ചിലർ പറയുന്നു. യുദ്ധങ്ങൾ മുഖേനയല്ല വ്യാപിച്ചത്. ചൈനക്കെതിരിൽ അറബികളുടെ ഒരു യുദ്ധവുമുണ്ടായിട്ടില്ല. എന്നാൽ, ചൈനയിലും കോടിക്കണക്കിന് മുസ്‌ലിമീങ്ങൾ അധിവസിക്കുന്നു. അക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ അനുചരന്മാർ അവിടെ പോയി സന്ദേശമെത്തിക്കുകയും ചൈനയിലും മുസ്‌ലിമീങ്ങളുണ്ടാവുകയും ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതുപോലെ മുസ്‌ലിമീങ്ങളുണ്ടായി. വരേണ്ടിയിരുന്ന ദൂതൻ വന്നു എന്ന സന്ദേശം അവരവിടെ എത്തിച്ചു. സർവ്വ ലോകത്തിനുംവേണ്ടി വന്ന നബിയാണ് നബി(സ)തിരുമേനി. സർവ്വ ലോക മാനവർക്ക് വന്ന നബിയാണ് താനെന്ന് പ്രഖ്യാപിക്കാൻ വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയോടു നിർദ്ദേശിച്ചു. സർവ ലോകത്തും അതുകൊണ്ട് അദ്ദേഹം സന്ദേശമെത്തിക്കുകയും ചെയ്തു. മുമ്പേവന്ന നബിമാർ അതാതു ദേശത്തിനു വേണ്ടിയായിരുന്നു. ചെറിയ ചെറിയ പ്രദേശങ്ങൾക്കു വേണ്ടിയായിരുന്നു. ചിലയിടത്ത് ഒരു ലക്ഷവും ചിലയിടത്ത് രണ്ടോ മൂന്നോ ലക്ഷങ്ങളിൽ പരിമിതമായ ജനതതിയായിരുന്നുവെന്ന് ഉദാഹരിക്കാം. പ്രസ്തുത സ്ഥലങ്ങളിലേക്ക് ഒരു നബി വന്നു. ചില സമയത്ത് രണ്ട് നബിമാരും ഒരു സ്ഥലത്ത് വന്നിരുന്നു. ഹദ്റത്ത് ഇബ്റാഹീമും ഒരു നബിയായിരുന്നു. ഒപ്പം മറ്റൊരു പ്രദേശത്ത് ഹദ്റത്ത് ലൂത്വിന്റെ ജനതക്ക് സന്ദേശ വാഹകരെത്തിയിരുന്നു. ഹദ്റത്ത് ലൂത്വും നബിയായിരുന്നു. ചെറിയ പ്രദേശങ്ങളിലും അല്ലാഹുവിൽനിന്നും ലഭിച്ച സന്ദേശവുമായി നബിമാരെത്തിയിരുന്നു.

ഒരു വാഖ്ഫെ നൗ വിദ്യാർഥി:മുമ്പേ ജർമനിയിൽ ജാമിഅ ഉണ്ടായിരുന്നില്ല. ലണ്ടനിൽ ഉണ്ടായിരുന്നു. ഇപ്പോൾ ജർമനിയിലും ജാമിഅ സ്ഥാപിതമായി. ഇപ്പോളാരെങ്കിലും ലണ്ടൻ ജാമിഅയിൽ പോകണമെന്ന് ആഗ്രഹിച്ചാൽ പോകാൻ കഴിയുമോ?

ഹുദൂർ: വളരെ നല്ല കാര്യമാണ്. നിങ്ങൾ വരാനാഗ്രഹിക്കുന്നെങ്കിൽ ഞാൻ വിളിക്കും. നിങ്ങൾ ഇവിടെ ജർമനിയിൽനിന്നു ലണ്ടനിൽ വന്ന് ജാമിഅയിൽ പഠിക്കാനാഗ്രഹിക്കുന്നെങ്കിൾ നിങ്ങൾക്ക് അനുവാദമുണ്ട്. അവരുടെ അടുക്കൽ സീറ്റുണ്ടാകണമെന്ന നിബന്ധനയുണ്ട്.

ഒരു വാഖ്ഫെ നൗ: ശിർക്കിന്റെ അർഥമെന്താണ്?

ഹുദൂർ: പങ്കുകാരെ വെക്കുക എന്നതാണ് ശിർക്കിന്റെ അർഥം. അല്ലാഹുവിന് സമന്മാരെ വെക്കുക. ഞാനൊരു സ്ഥലത്തു പോയാൾ ഒരാൾ നിന്റെ ആവശ്യം നിവർത്തിച്ചു തരുമെന്ന് നിങ്ങൾ പറയുകയും അല്ലാഹുവിനെ ഞാൻ മറക്കുകയും ചെയ്യുക. ഇതിന്റെ അർഥം നിങ്ങൾ പങ്കാളിയെ സൃഷ്ടിച്ചു എന്ന് ഉദാഹരിക്കാം. ഒരു സ്ഥലത്തു പോയി ഞാൻ പണം സ്വീകരിക്കുമെന്ന് പറയുമ്പോൾ ഇൻശാ അല്ലാഹ് എന്ന് പറയുക.

ഏതൊരു പ്രവൃത്തിയും ചെയ്യുന്നതിനുമുമ്പേ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 2 May 2024 Issue-18

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഇൻശാ അല്ലാഹ് പറയണമെന്ന് അതുകൊണ്ടു തന്നെയാണ് അല്ലാഹു പറയുന്നത്. ഇൻശാ അല്ലാഹ് പറയുമ്പോൾ അതിന്റെ അർഥം അല്ലാഹു ഇച്ഛിച്ചൽ ഈ പ്രവൃത്തി അവൻ ചെയ്യുമെന്നാണ്. ഈ പ്രവൃത്തി നടക്കുമെന്നാണ്. ഇപ്രകാരം ചെറുപ്പകാലം മുതൽത്തന്നെ നിങ്ങളുടെ മനസ്സിൽ ശിർക്കിന്നെതിരിൽ കാര്യങ്ങൾ വരേണ്ടതുണ്ട്. ചെറിയ ചെറിയ കാര്യങ്ങളിൽപോലും അല്ലാഹുവിനെ നിങ്ങൾ മുന്നിൽ വെക്കേണ്ടതാണ്. ഇൻശാഅല്ലാഹ് ഞാനി ക്കാര്യം ചെയ്യുമെന്ന് പറയുമ്പോൾ അതിന്റെ അർഥം അല്ലാഹു ഇച്ഛിക്കുകയാണെൽ ഞാനിത് ചെയ്യുമെന്നും മറ്റാർക്കും ഇതു ചെയ്യാൻ കഴിയുകയില്ലെന്നുമാണ്. ബിംബങ്ങളെ പൂജിക്കുന്നവർ ബിംബത്തെ മുമ്പിൽ വെച്ചിട്ടുണ്ടാകും. അതിനോടുപോയി ചോദിക്കുന്നു. അതും ശിർക്കാണ്. യഥാർഥത്തിൽ ചോദിക്കേണ്ടത് അല്ലാഹുവിനോടു മാത്രമാണ്. അല്ലാഹുവിനെതിരിൽ മറ്റൊരാളെ പ്രതിഷ്ഠിക്കലോ അവന് സമാനനായി മനസ്സിലാക്കലോ ശിർക്കാണ്.

ഒരു വാഖ്ഫെ നൗ: മൂന്നുവരി കവിതാശകലം ഞാൻ കേൾപ്പിക്കാനാഗ്രഹിക്കുന്നു. ഞാനെന്റെ ഉമ്മായോടു ഇത് അങ്ങയെ കേൾപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഹുദൂർ: രണ്ടുവരി മാത്രം കേൾപ്പിക്കുക.

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ 'ഹംദോ ഥനാ' എന്ന് തുടങ്ങുന്ന കവിതയിൽനിന്നുള്ള രണ്ടു വരി ആ കുട്ടി കേൾപ്പിച്ചു.

ഒരു വാഖ്ഫെ നൗ: റമളാനിൽ ഇഅ്തികാഫ് ഇരിക്കുന്നവർ അതെന്തിനാണ് ചെയ്യുന്നത്? മറ്റുള്ളവരും ഖുർആൻ ഓതുകയും പൂർത്തിയാക്കുകയും ചെയ്യുന്നുണ്ടല്ലോ?(തുടരും)

---

(പേജ് 1 ൽനിന്ന്)

സ്വഭാവത്തിൽ ഒരു തിളക്കവും മാർദവവും ഉാക്കുന്നതായിരിക്കും. മുത്ത് ഉായിരിക്കുന്നതുപോലെ. വ ലിബാസുഹും ഫീഹാ ഹരീർ എന്നതിൽ പറഞ്ഞിരിക്കുന്നത് അടുത്ത ലോകത്ത് അവർക്ക് എങ്ങനെയുള്ള തഖ്വായാണ് കിട്ടുന്നതെന്നാൽ അതു സ്വീകരിക്കാൻ അവർക്ക് ഒരു ബുദ്ധിമുട്ടുമുാകുകയില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:തഖ്വായും വസ്ത്രവുമായി സാദൃശ്യമുൾക്കൊള്ളുന്നതാണ്. വ ലിബാസുത്തഖ്വാ ദാലിക്ക ഖയ്ർ (7:27). എന്നാൽ, ഈ ലോകത്ത് തഖ്വായുടെ വസ്ത്രം ധരിക്കുന്നതിന് കഠിനാധ്വാനം ചെയ്യേിവരുന്നു. പക്ഷേ, അടുത്ത ലോകത്ത് തഖ്വായുടെ വസ്ത്രം പട്ടിന്റെ സാദൃശ്യമുൾക്കൊള്ളുന്നതായിരിക്കും. അത് സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുകളൊന്നും സഹിക്കേി വരികയില്ല. പ്രത്യുത അത് അങ്ങേയറ്റം സുഖം പകരുന്നതായിരിക്കും. സ്വഭാവം സ്വയമേവ തഖ്വായിലേക്ക് ചായുന്നതായിരിക്കും. അതിന് നിർബന്ധിക്കേിവരുന്നതല്ല.

പിന്നീടു പറയുന്നു, വെറും വസ്ത്രമല്ല. അവരുടെ നാവും വളരെ നല്ലതായിരിക്കും. പെരുമാറ്റ രീതിയും നല്ലതായിരിക്കും. എത്രത്തോളമെന്നാൽ അവരുടെ സമീപസ്ഥരും അല്ലാഹുതന്നെയും അവരുടെ പെരുമാറ്റത്തെ പ്രശംസിക്കുന്നതായിരിക്കും. ഇതിൽനിന്നും മനസ്സിലാകുന്നത് സ്വർഗമെന്നത് പണിയൊന്നുമില്ലാതിരിക്കുന്ന ഇടമല്ലെന്നാണ്. പ്രത്യുത കർമനിരതമായ സ്ഥലമാണ്. വ്യത്യാസമെന്താണെന്നാൽ ഈ ലോകത്ത് മനുഷ്യനിൽനിന്ന് പാപവുമുാകുന്നു. എന്നാൽ, അവിടെ ചീത്തപ്രവൃത്തികളൊന്നുമുാകുകയില്ല. എല്ലാ തരത്തിലുള ആത്മീയാധഃപതനത്തിൽനിന്നും മനുഷ്യൻ സുരക്ഷിതനായിരിക്കും."(തഫ്സീറെ കബീർ, വാള്യം 6, പേജ് 22, പ്രസാധനം 2010 ഖാദിയാൻ)

---

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.

### സെക്കന്റ് ഗ്രേഡ് ഒഴിവിലേക്കുള്ള നിബന്ധനകൾ

(1) ഉദ്യോഗാർഥിയുടെ പ്രായം 25 വയസ്സിന് മുകളിലും 18വയസ്സിന് താഴെയുമായിരിക്കരുത്(2)ഉദ്യോഗാർഥിയുടെ യോഗ്യത പ്ലസ് ടൂവിൽ 45% മാർക്കുണ്ടായിരിക്കണം.(3)ഉദ്യോഗാർഥി ഉർദു-ഇംഗ്ലീഷ് കമ്പോസിംഗ് അറിഞ്ഞിരിക്കണം. ഒരു മിനുറ്റിൽ 25 വാക്കുകൾ ടൈപ്പു ചെയ്യേണ്ടതാണ്.(4) ഈ വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളു. (5)പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു: എല്ലാ ഭാഗങ്ങൾക്കും ഉത്തരം എഴുതേണ്ടത് നിർബന്ധമാണ്. ഭാഗം 1. വിശുദ്ധ ഖുർആൻ മുഴുവൻ ഓതാൻ അറിയണം. ആദ്യത്തെ ജുസു തർജമയോടെ. * 40 ഹദീഥുകൾ, ഇസ്ലാം കാര്യങ്ങൾ, നമസ്കാരും മുഴുവൻ തർജമയോടെ.(30 മാർക്ക്) ഭാഗം 2. പുസ്തകം: കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്ലൂമാത്ത്. * അഹ്മദിയ്യ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പ്രബന്ധം, * പദ്യം ദുർറെഥമീനിൽനിന്ന് (ശാനെ ഇസ്ലാം)(20 മാർക്ക്)ഭാഗം 3.ഇംഗ്ലീഷ് പരിജ്ഞാനം. +2 നിലവാരം.(20 മാർക്ക്)ഭാഗം 4. മെട്രിക് നിലവാരത്തിലുള്ള ഗണിതം.(ഓഫീസ് സംബന്ധമായുള്ള ചോദ്യങ്ങൾ)(20 മാർക്ക്)ഭാഗം 5. പൊതുവിജ്ഞാനം(GK)(10 മാർക്ക്)

(6)എഴുത്തുപരീക്ഷയിൽ പാസാകന്നവർക്കു മാത്രമെ ഇന്റർവ്യു ഉണ്ടാകുകയുള്ളു. (7) എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ പാസാകുന്നവർ ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(8)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. പിന്നീട് താമസസൗകര്യത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ ഒരു നടപടിയും ഉണ്ടാകുന്നതല്ല.(9)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

(നോട്ട്:എഴുത്തുപരീക്ഷ ഇന്റർവ്യൂ എന്നവയുടെ തിയതികൾ ഉദ്യോഗാർഥികളെ പിന്നീട് അറിയിക്കുന്നതാണ്)

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713, Office:01872501130
Email:diwan@qadian.in

## ദാറുസ്സ്വനാഅത്ത് ഖാദിയാൻ

(Ahmadiyya Vocational Training Centre)

2024-2025 വർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ അനുവാദത്തോടെ 2010-ലാണ് ദാറുസ്സ്വനാഅത്ത് ഖാദിയാൻ ആരംഭിക്കുന്നത്. അഹ്മദി വിദ്യാർഥികൾക്ക് ടെക്നിക്കൽ കോഴ്സ് പഠിപ്പിച്ച് നിത്യവൃത്തിക്കുള്ള അവസരമുണ്ടാക്കുക എന്നതാണ് ഇതിന്റെ മുഖ്യോദ്ദേശ്യം. ദാറുസ്സ്വനാഅത്ത് ഖാദിയാൻ സർക്കാർസ്ഥാപനമായ NSIC DELHI യിലും ISO യിലും രജിസ്ട്രേഡാണ്. ഇതിൽ ഒരുവർഷത്തെ താഴെ പറയുന്ന കോഴ്സുകളാണ് പഠിപ്പിക്കുന്നത്:

Motor Vehicle-, Welding, Eletrician, Plumbing, Computer Applications, Diesel Mechanic, AC&Refrigerator.

ഖാദിയാന് വെളിയിൽനിന്നുവരുന്ന അഹ്മദി വിദ്യാർഥികൾക്ക് ഹോസ്റ്റൽ/മെസ്സ് സൗകര്യമുണ്ട്. താമസത്തിനും ഭക്ഷണത്തിനും ഒരു ഫീസുമില്ല. കോഴ്സിന്റെ ബോർഡ് ഫീസ് മാത്രം ലളിതമായ ഗഡുവായിട്ടാണ് വാങ്ങുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ വന്ന യുവാക്കളും അല്ലെങ്കിൽ 8-നും 10-നും ശേഷം ടെക്നിക്കൽ കോഴ്സ് പഠിക്കാൻ താൽപര്യമുള്ളവരും പ്രവേശനത്തിന് എത്രയും വേഗം ബന്ധപ്പെടുക. അഹ്മദി കുട്ടികളുടെ ദീനീപരമായ വിദ്യഭ്യാസത്തിനും സൗകര്യമുണ്ട്. ഇതിനുപുറമെ നിത്യവും English Speaking ക്ലാസ്സും Personality Development ക്ലാസ്സും എടുക്കുന്നുണ്ട്. 2024-2025 ലേക്കുള്ള പുതിയ പ്രവേശനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ക്ലാസ്സ് ജൂലായ് 16 മുതൽ തുടങ്ങുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെകാണുന്ന ഈമെയിൽ ഐ.ഡിയിൽ ബന്ധപ്പെടാവുന്നതാണ്:

darulsanaat qadian @gmail.com,
80775 46198
98727 25895

(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)

AL ISLAM

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin